بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّ اَنۡتُمۡ اَذِلَّۃٌ

വാല്യം 9

ലക്കം 38

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2024 സെപ്റ്റംബർ 19/ഹി.ശം 1403 തബൂക് 19/ഹി:ഖ 1446 റബീഉൽ അവ്വൽ 15

## അല്ലാഹുവിന്റെ വചനം

قُلۡ لِّعِبَادِیَ الَّذِیۡنَ اٰمَنُوۡا یُقِیۡمُوا الصَّلٰوۃَ وَیُنۡفِقُوۡا مِمَّا رَزَقۡنٰہُمۡ سِرًّا وَّعَلَانِیَۃً مِّنۡ قَبۡلِ اَنۡ یَّاۡتِیَ یَوۡمٌ لَّا بَیۡعٌ فِیۡہِ وَلَا خِلٰلٌ ○

(سورہ ابراہیم، آیت 32)

വിശ്വസിച്ചവരായ എന്റെ ദാസരോടു പറയുക, അവർ നമസ്കാരം നിലനിറുത്തുകയും ക്രയവിക്രയമോ സൗഹൃദമോ ഇല്ലാത്ത ഒരു നാൾ വന്നെത്തുന്നതിനുമുമ്പേ നാം അവർക്കു നല്കിയതിൽനിന്ന് അവർ രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും ചെയ്യട്ടെ.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### മാതാപിതാക്കൾ മരിച്ചതിനു ശേഷം അവർക്കുവേണ്ടി നന്മചെയ്യാനുള്ള മാർഗം

❁ ഹദ്റത്ത് അബൂഉസയ്ദ് അസ്സാഅദീؓ വിവരിക്കുന്നു, ഞങ്ങൾ നബിﷺ തിരുമേനിയുടെ സദസ്സിൽ ഹാജരായിരുന്നു. സലമഗോത്രത്തിൽനിന്നുള്ള ഒരാൾ വന്നു. അദ്ദേഹം ചോദിച്ചു: യാ റസൂലല്ലാഹ്! മാതാപിതാക്കളുടെ വഫാത്തിനുശേഷം അവർക്കുവേണ്ടി എനിക്കു ചെയ്യാവുന്ന നന്മ വല്ലതുമുണ്ടോ? അവിടന്ന് പറഞ്ഞു: "ഉണ്ട്. എന്തുകൊണ്ടില്ല. താങ്കൾ അവർക്കുവേണ്ടി ദുആകൾ ചെയ്യുക. അവർക്കുവേണ്ടി പാപപ്പൊറുതി തേടുക. അവർ ആരോടെങ്കിലും വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിൽ അതു പൂർത്തിയാക്കുക. അവർ അവരുടെ ജീവിതകാലത്ത് ബന്ധുക്കളോടും പ്രിയപ്പെട്ടവരോടും കുടുംബബന്ധവും സൽപെരുമാറ്റവും നടത്തിയിരുന്നതുപോലെ നിങ്ങളും നടത്തുക. അവരുടെ സുഹൃത്തുക്കളോടും ആദരവോടെ പെരുമാറുക."*(അബൂദാഊദ്, കിതാബുൽ അദബ് ബാബു ഫീ ബർറിൽവാലിദയ്നി)*

❁ ഹദ്റത്ത് അനസ് ബിൻ മാലിക്ؓ വിവരിക്കുന്നു. നബിﷺ തിരുമേനി പറഞ്ഞു: "ആരാണോ ദീർഘായുസ്സ് ലഭിക്കണമെന്നും ജീവിതവിഭവം വിപുലമാകണമെന്നും ആഗ്രഹിക്കുന്നത് അവൻ തന്റെ മാതാപിതാക്കളോടു നല്ല നിലയിൽ പെരുമാറുകയും(ബന്ധുമിത്രാദികളോടു)കുടുംബബന്ധം പുലർത്തുകയും ചെയ്യട്ടെ." *(മുസനദ് അഹ്മദ് വാള്യം 3, പേജ് 266)(ഹദീഖത്തുസ്സ്വാലിഹീൻ ഹദീഥ് 300,400)*

## എപ്പോഴും മനസ്സ് വ്യസനത്തിൽ ആണ്ടിരിക്കുകയാണ്. അതായത് സ്വഹാബത്തിന്റെ സമ്മാനങ്ങൾകൊണ്ട് അല്ലാഹു നമ്മുടെ ജമാഅത്തിനേയും സൗഭാഗ്യവാന്മാരാക്കട്ടെ. ഇവരിലും സ്വഹാബത്തിലുണ്ടായിരുന്ന ആ സത്യസന്ധതയും കൂറും ആത്മാർഥതയും അനുസരണവും ഉണ്ടാകുമാറാകട്ടെ.

**ഇവർ അല്ലാഹുവിനെയല്ലാതെ മറ്റാരേയും ഭയക്കുന്നവരാകാതിരിക്കട്ടെ. മുത്തഖിയായിരിക്കുമാറാകട്ടെ. കാരണം അല്ലാഹുവിന്റെ സ്നേഹം മുത്തഖികളോടൊപ്പമാകുന്നു.**

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഉപദേശങ്ങൾ

"ആദരണീയരായ സ്വഹാബത്തിന്റെ അവസ്ഥകൾ നോക്കുക. അവർ നബിﷺ തിരുമേനിയുടെ സഹവാസത്തിലിരിക്കുന്നതിനുവേണ്ടി എന്തൊന്നാണ് ചെയ്യാതിരുന്നത്. എന്തൊന്നാണോ അവർ ചെയ്തത് അതേപോലെ നമ്മുടെ ജമാഅത്തും ചെയ്യേണ്ടത് നിർബന്ധമാണ്. അതായത് അതേ നിറം നിങ്ങളുടെ ഉള്ളിലുണ്ടാക്കുക. ഇതു കൂടാതെ ഏതൊരുദ്ദേശ്യത്തിനുവേണ്ടിയാണോ ഞാനയക്കപ്പെട്ടിട്ടുള്ളത് അവർക്കത് പ്രാപിക്കാൻ കഴിയുകയില്ല. നമ്മുടെ ജമാഅത്തിന് സ്വഹാബത്തിനുണ്ടായിരുന്നതിനെക്കാളധികം ആഗ്രഹങ്ങളും ആവശ്യങ്ങളും വന്നുതുടങ്ങിയിട്ടുണ്ടോ. നബിﷺ തിരുമേനിയോടൊപ്പം നമസ്കരിക്കുന്നതിനും ആ മഹാത്മാവിന്റെ സംസാരം കേൾക്കുന്നതിനും എത്രമാത്രം അത്യാശയുള്ളവരായിരുന്നു അവരെന്ന് നിങ്ങൾ കാണുന്നില്ലേ.

അല്ലാഹു മസീഹ് മൗഊദിനോടൊപ്പമുള്ള ഈ ജമാഅത്തിന് സ്വഹാബത്തുമായി ചേരാനുള്ള പദവി പ്രദാനം ചെയ്തിരിക്കുന്നു. ***വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം*** (62:4). ഇതു മസീഹു മൗഊദിന്റെ ജമാഅത്താണെന്ന് വ്യാഖ്യാതാക്കൾ അംഗീകരിച്ചിട്ടുള്ളതാണ്. അതായത് ഇതു സ്വഹാബത്തിന്റെതന്നെ ജമാഅത്തായിരിക്കും. മസീഹ് മൗഊദിനോടൊപ്പമല്ല, യഥാർഥത്തിൽ റസൂലുല്ലാഹിﷺയോടൊപ്പം തന്നെയാണ് അവരുള്ളത്. എന്തുകൊണ്ടെന്നാൽ മസീഹ് മൗഊദ് ആ മഹാത്മാവിന്റെതന്നെ അതിരറ്റ ഒരു സൗന്ദര്യത്തിൽ വരികയും പ്രചാരണ പ്രബോധനപൂർത്തീകരണത്തിന്റെ ജോലിക്കുവേണ്ടി നിയോഗിതനായിരിക്കുന്നതുമാണ്.

അതുകൊണ്ട് എപ്പോഴും മനസ്സ് വ്യസനത്തിൽ ആണ്ടിരിക്കുകയാണ്. അതായത് സ്വഹാബത്തിന്റെ സമ്മാനങ്ങൾ കൊണ്ട് അല്ലാഹു നമ്മുടെ ജമാഅത്തിനേയും സൗഭാഗ്യവാന്മാരാക്കട്ടെ. ഇവരിലും സ്വഹാബത്തിലുണ്ടായിരുന്ന ആ സത്യസന്ധതയും കൂറും ആത്മാർഥതയും അനുസരണവും ഉണ്ടാകുമാറാകട്ടെ. ഇവർ അല്ലാഹുവിനെയല്ലാതെ മറ്റാരേയും ഭയക്കുന്നവരാകാതിരിക്കട്ടെ. മുത്തഖിയായിരിക്കുമാറാകട്ടെ. കാരണം അല്ലാഹുവിന്റെ സ്നേഹം മുത്തഖികളോടൊപ്പമാകുന്നു. ***അന്നല്ലാഹ മഅൽമുത്തഖീൻ***(2:195) മുത്തഖിയോടൊപ്പം അല്ലാഹുവിന്റെ കൂട്ടുണ്ടാകുന്നു. അതുകൊണ്ട് ശത്രുക്കളുടെമേലും മുത്തഖിയുടെ ആദരയുക്തമായ ഭയമുണ്ടാകുന്നു. എന്നാൽ, ഇക്കാര്യം ഓർമവെക്കാൻ പറ്റിയതാണ്; മനുഷ്യൻ സത്യസന്ധരുടേയും ദൈവപുരുഷ

ശേഷം പേജ് 11 ൽ

## യാഥാർഥ്യമറിയാത്തവരും അജ്ഞരായ മുസ്‌ലിമീങ്ങളിൽ ചിലരും ഇസ്‌ലാം ഈ ബലികൾ യുക്തിരഹിതമായാണ് വെച്ചിട്ടുള്ളതെന്നും ഈ പണത്താൽ എന്തുകൊണ്ട് കോളേജ് തുടങ്ങിക്കൂടെന്നും അങ്ങനെയായാൽ സാമൂഹികമായി പുരോഗതി ഉണ്ടാകുമെന്നും പറഞ്ഞ് ആക്ഷേപമുന്നയിക്കുന്നു.

### ബലിയുടെ തത്ത്വവും അതിന്റെ യുക്തിയും അതിനെതിരിലുള്ള ആക്ഷേപത്തിന് മറുപടിയും

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ സൂറ ഹജ്ജിലെ 37 - ാമത്തെ വചനത്തിനു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: 'ഈ ആയത്തുകളിൽ അല്ലാഹു ബയ്ത്തുല്ലായുടെ ഹജ്ജിന്റെ അവസരത്തിൽ ചെയ്യപ്പെടുന്ന ബലികളുടെ പ്രാധാന്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്. ഈ ബലികൾ അല്ലാഹുവിന്റെ ചിഹ്നങ്ങളിൽപ്പെട്ടതാണെന്ന് പറഞ്ഞിരിക്കുന്നു. ഈ ബലികളിൽ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് നിങ്ങൾക്ക് വലിയ അനുഗ്രഹങ്ങൾ വെക്കപ്പെട്ടിരിക്കുന്നു. യാഥാർഥ്യമറിയാത്തവരും അജ്ഞരായ മുസ്‌ലിമീങ്ങളിൽ ചിലരും ഇസ്‌ലാം ഈ ബലികൾ യുക്തിരഹിതമായാണ് വെച്ചിട്ടുള്ളതെന്നും ഈ പണത്താൽ എന്തുകൊണ്ട് കോളേജ് തുടങ്ങിക്കൂടെന്നും അങ്ങനെയായാൽ സാമൂഹികമായി പുരോഗതി ഉണ്ടാകുമെന്നും പറഞ്ഞ് ആക്ഷേപമുന്നയിക്കുന്നു. ഹജ്ജിന്റെ അവസരത്തിൽ 40000 ആടുകൾ അറുക്കപ്പെടുന്നുണ്ടെന്ന് സങ്കൽപിക്കുക. ഒരു ആടിന് ഏകദേശം 25 രൂപ കണക്കുകൂട്ടിയാൽത്തന്നെ ഒരുകൂടി ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ ആടുകളാണ് അറുക്കപ്പെടുന്നത്. പിന്നീട് ഒട്ടകം തുടങ്ങിയവയുമുണ്ട്. ഇതെല്ലാം കൂടികൂട്ടിയാൽ ഏകദേശം രണ്ടുകോടി രൂപ ഈ ബലികൾക്കുവേണ്ടി ചെലവാകുന്നു. ഈ തുക ബലികളിൽ നഷ്ടപ്പെടുത്തിക്കളയുന്നതിനു പകരം അറബികളുടെ തർബിയ്യത്ത് അഥവാ ശിക്ഷണത്തിനുവേണ്ടി എന്തുകൊണ്ട് ചെലവഴിച്ചുകൂടാ എന്നു പറഞ്ഞാണ് ആളുകൾ ആക്ഷേപിക്കുന്നത്. പരിശുദ്ധ

ശേഷം പേജ് 10 ൽ

### ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ 16 ആഗസ്റ്റ് 2024

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമ്മൻ പര്യടനം

മുഹമ്മദുനബിﷺ കാരുണ്യത്തിന്റെ പ്രവാചകൻ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ഇഫ്ക്(ദുരാരോപണ)സംഭവത്തെ തുടർന്ന് വഹി ഇറങ്ങിയതിനുശേഷം നബി(സ)തിരുമേനി ആദ്യം പറഞ്ഞത് ഇങ്ങനെയാണ്: 'ആഇശാ! അല്ലാഹു നിന്റെനിരപരാധിത്വം വെളിപ്പെടുത്തിയിരിക്കുന്നു.'**

**ബനൂ മുസ്ത്വലിഖ് യുദ്ധത്തിന്റെ അവസ്ഥകളുടേയും സംഭവങ്ങളുടേയും പശ്ചാത്തലത്തിൽ ഇഫ്ക് സംഭവത്തിന്റെ വിശദമായ വിവരണം.**

**ബംഗ്ലാദേശിലേയും പാക്കിസ്താനിലേയും അഹ്മദികൾക്കും ഫലസ്ത്വീനിലെ പീഢിതർക്കും അതുപോലെ തന്നെ മുസ്‌ലിം ഉമ്മത്തിനും വേണ്ടി ദുആ ചെയ്യാൻ ഓർമപ്പെടുത്തൽ.**

**ഖുത്ബ ജുമുഅ 2024 ആഗസ്റ്റ് 16, 1403 ള്വുഹൂർ 16**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ കുറച്ചു ഖുത്ബകളിൽ ബനൂമുസ്ത്വലിഖ് യുദ്ധത്തെ കുറിച്ചാണ് പറഞ്ഞു വന്നിരുന്നത്. അതിന്റെ കൂടുതൽ വിശദീകരണങ്ങളിൽ പറയുന്നു: 'ബനൂമുസ്ത്വലിഖിൽനിന്ന് തിരിച്ചു വരുമ്പോൾ നബിﷺതിരുമേനി നഖീഅ് എന്ന സ്ഥലത്തുകൂടിയാണ് വന്നത്. അവിടെ പുല്ലു നിറഞ്ഞ വലിയ പ്രദേശവും വലിയ ജലാശയവും കാണാനിടയായി. നബിﷺതിരുമേനി അതിലെ വെള്ളത്തെക്കുറിച്ച് ആരാഞ്ഞപ്പോൾ ആരോ പറഞ്ഞു: 'യാ റസൂലല്ലാഹ്! ചൂടുകാലം വരുമ്പോൾ അതിൽ വെള്ളം കുറയുന്നതാണ്, തടാകങ്ങളിൽനിന്ന് വെള്ളം താഴേക്കൊഴുകിപ്പോകുന്നു.' നബിﷺതിരുമേനി ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽതഅയോടു പറഞ്ഞു: 'അവിടെ ഒരു കിണർ കുഴിക്കുക.' നഖീയിൽ ഒരു മേച്ചിൽസ്ഥലമുണ്ടാക്കാനും കൽപ്പന നൽകി. ഹദ്റത്ത് ബിലാൽ ബിൻ ഹാരിഥ് മുസനിയെ മേൽനോട്ടക്കാരനാക്കുകയും ചെയ്തു. അദ്ദേഹം ചോദിച്ചു: 'യാ റസൂലല്ലാഹ്! എത്ര സ്ഥലമാണ് മേച്ചിൽസ്ഥലമാക്കേണ്ടത്?' നബിﷺതിരുമേനി പറഞ്ഞു: 'രാവിലെ വെളുപ്പാൻ കാലത്ത് ഒരാളെ ഈ കുന്നിനുമുകളിൽ കയറ്റുക, അയാളുടെ ശബ്ദമെത്തുന്ന ദൂരംവരെയും മുസ്‌ലിമീങ്ങൾ ജിഹാദിനുവേണ്ടി യാത്ര ചെയ്യുന്ന ഒട്ടകങ്ങളുടെയും കുതിരകളുടെയും മേച്ചിൽസ്ഥലമാക്കുക.' പ്രസ്തുത ഏരിയയുടെ വലുപ്പമായി നബിﷺതിരുമേനി ഈ മാനദണ്ഡമാണ് നിശ്ചയിച്ചത്. ഹദ്റത്ത് ബിലാൽﷺചോദിച്ചു: 'യാ റസൂലല്ലാഹ്! പൊതു മുസ്‌ലിമീങ്ങൾ അവരുടെ മൃഗങ്ങളെ മേയിക്കുന്നത് സംബന്ധിച്ചുള്ള കൽപ്പന എന്താണ്?' നബിﷺതിരുമേനി പറഞ്ഞു: 'അവർ ഈ പ്രദേശത്ത് പ്രവേശിക്കുന്നതല്ല.' ഞാൻ ചോദിച്ചു: 'യാ റസൂലല്ലാഹ്! വളരെ കുറഞ്ഞതോതിൽ ആടുമാടുകൾ വളർത്തുന്ന നിസ്സഹായരായ സ്ത്രീപുരുഷന്മാർക്കുള്ള കൽപ്പനയെന്താണ്? അവർ അവയെ മേയിക്കാൻ മറ്റു സ്ഥലങ്ങളിൽ പോകാൻ കഴിവില്ലാത്തവരാണ്.' നബിﷺതിരുമേനി പറഞ്ഞു: 'അവർക്ക് അവയെ മേയിക്കാൻ അനുവാദം നല്കിക്കൊള്ളുക.'*(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 352-353 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)* അതായത് പ്രസ്തുത നിസ്സഹായരായ ആളുകൾക്ക് അനുമതി നൽകി. ധനാഢ്യരായ ആളുകളോടു പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെതായ സ്ഥലം സ്വയം കണ്ടെത്തുക. ഇവിടെ സർക്കാരിന്റെ മൃഗങ്ങൾക്കു മേയാൻ മാത്രമേ അനുവാദമുണ്ടായിരിക്കുകയുള്ളൂ.' ഈ മേച്ചിൽസ്ഥലം ഹദ്റത്ത് അബൂബക്ർرضि, ഹദ്റത്ത് ഉമർرضि, ഹദ്റത്ത് ഉഥ്മാൻرضि എന്നിവരുടെ ഖിലാഫത്ത് കാലംവരെയും അങ്ങനെ തന്നെ നിലനിന്നു. പിന്നീട് കുതിരകളുടെയും ഒട്ടകങ്ങളുടെയും എണ്ണം വർധിച്ചകാരണത്താൽ സ്ഥലം മാറ്റപ്പെട്ടു. *(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 7, പേജ് 282-283, ബസം ഇഖ്ബാൽ ലാഹോർ)* നബിﷺതിരുമേനി, സ്വഹാബാക്കളെ ഏതുസമയത്തും ഉന്മേഷഭരിതരും ജാഗരൂകരുമാക്കി നിലനിറുത്തുന്നതിനുള്ള സംവിധാനവും ചെയ്തിരുന്നു. അവർക്കിടയിൽ ഇടയ്ക്കിടെ കായിക മത്സരങ്ങളും നടത്തിയിരുന്നു. ഈ മത്സരങ്ങളിൽ ധൈര്യം തന്റേടം വിശ്വാസപരവും ജിഹാദുപരവുമായ ശിക്ഷണം എന്നീ കാര്യങ്ങൾക്ക് മുൻഗണന നൽകിയിരുന്നു. ഇത്തരം മത്സരങ്ങൾകൊണ്ട് അവരുടെ നിശ്ചയദാർഢ്യവും സ്ഥൈര്യവും ധൈര്യവുമൊക്കെ നല്ലപോലെ വർധിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അതായത് മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. അങ്ങനെ ബനൂമുസ്ത്വലിഖിൽനിന്ന് തിരിച്ചുവരുമ്പോൾ നഖീഅ് എന്ന സ്ഥലത്തെത്തിയപ്പോൾ നബിﷺതിരുമേനി സ്വഹാബാക്കൾക്കിടയിൽ കുതിരപ്പന്തയവും ഒട്ടകപ്പന്തയവും സംഘടിപ്പിച്ചു. നബിﷺതിരുമേനിയുടെ ഒട്ടകമായ ഖസ്വാഅ് എല്ലാ ഒട്ടകങ്ങളെയും പിന്തള്ളി ഏറ്റവും മുന്നിലെത്തി. ഹദ്റത്ത് ബിലാൽ ബിൻ റബാഹ്رضിആണ് അതിൽ സഞ്ചരിച്ചിരുന്നത്. നബിﷺതിരുമേനിയുടെ കുതിരയും മറ്റു കുതിരകളെ പിന്തള്ളി മുന്നിലെത്തി. നബിﷺതിരുമേനിയുടെ പക്കൽ രണ്ടു കുതിരകളുണ്ടായിരുന്നു. ഒന്നിന്റെ പേര് ലിസാസ് എന്നും രണ്ടാമത്തേതിന്റെ പേര് ള്വരിബ് എന്നുമായിരുന്നു. ആ ദിവസം ള്വരിബാണ് മത്സരത്തിൽ പങ്കെടുത്തത്. അതിൽ ഹദ്റത്ത് അബീ ഉസയ്ദ് സായിദിയാണ് സഞ്ചരിച്ചിരുന്നത്. അതും ഒന്നാമതെത്തി. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 353 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 7, പേജ് 197, ദാറുസ്സലാം രിയാള്)*

ഈ സ്ഥലത്ത് നബിﷺതിരുമേനി ഹദ്റത്ത് ആഇശയുമായി ഓട്ടപ്പന്തയം നടത്തിയതിനെപ്പറ്റിയും പരാമർശമുണ്ട്. കിത്താബ് ഇംതാഉൽ അസ്മാഇൽ പറയുന്നു: ബനൂ മുസ്ത്വലിഖ് യുദ്ധത്തിൽ നിന്നുള്ള യാത്രയിൽ നബിﷺതിരുമേനി, ഹദ്റത്ത് ആഇശയുമായി ഓട്ടപ്പന്തയം നടത്തി. അവർ തങ്ങളുടെ വസ്ത്രം ചുരുക്കിപ്പിടിച്ചു. അതുപോലെ നബിﷺതിരുമേനി തന്റെ ജുബ്ബയും കൂട്ടിപിടിച്ചു. അങ്ങനെ ഓട്ടമത്സരം നടന്നു. നബിﷺതിരുമേനി ഹദ്റത്ത് ആഇശയെ മറികടക്കുകയും ചെയ്തു. തുടർന്ന് നബിﷺതിരുമേനി പറഞ്ഞു: ഒരിക്കൽ നീ എന്നെ മുൻകടന്നതിന്നു പകരമാണിത്.

ഈ വാചകത്തിൽ നബിﷺതിരുമേനി ഒരു മുൻസംഭവത്തെ സൂചിപ്പിക്കുകയായിരുന്നു. ഒരിക്കൽ നബിﷺതിരുമേനി ഹദ്റത്ത് അബൂബക്റിന്റെ വീട്ടിൽപ്പോയി. നബിﷺതിരുമേനി ഹദ്റത്ത് ആഇശയുടെ കൈയിൽ എന്തോ ഒരു സാധനം കണ്ടു. നബിﷺതിരുമേനി അത് നോക്കാൻ വേണ്ടി ചോദിച്ചപ്പോൾ അവർ കൊടുത്തില്ല, അവിടെനിന്ന് ഓടിപ്പോവുകയും ചെയ്തു. നബിﷺതിരുമേനി അവരുടെ പിറകെ ഓടിയെങ്കിലും അവരെ പിടിക്കാൻ കഴിഞ്ഞില്ല. ഈ കാര്യങ്ങളെല്ലാം നബിﷺതിരുമേനി തന്റെ വീടിനെ സന്തോഷഭരിതമായി നിലനിറുത്താൻ ചെയ്ത കാര്യങ്ങളായിരുന്നു. എല്ലാകാര്യത്തിനും നബിﷺതിരുമേനിയുടെ ഉത്തമമായ മാതൃക നമുക്കു മുന്നിലുണ്ട്. ഇത് തങ്ങളുടെ ഭാര്യമാരോടു ക്രൂരമായി പ്രവർത്തിക്കുന്നവർക്കുള്ള ഒരു മാതൃക കൂടിയാണ്.

അല്ലാമ ഇബ്നി ജൗസി, ഹദ്റത്ത് ആഇശയിൽനിന്നുള്ള ഒരു നിവേദനം രേഖപ്പെടുത്തുന്നുണ്ട്. അവർ പറയുന്നു: 'ഒരിക്കൽ ഞാൻ നബിﷺതിരുമേനിയുടെ കൂടെ യാത്രയിലായിരുന്നു. ആ സമയത്ത് എനിക്ക് പ്രായക്കുറവും മെലിഞ്ഞ ശരീരപ്രകൃതവുമായിരുന്നു. നബിﷺതിരുമേനി തന്റെകൂടെ ഉണ്ടായിരുന്ന ആളുകളോടു ഓട്ടപ്പന്തയം നടത്താൻ പറഞ്ഞു. എല്ലാവരും അതിൽ ഭാഗഭാക്കായി. എന്നോടു പറഞ്ഞു: 'വരൂ, നമുക്കും ഓടാം, ഓട്ടമത്സരം നടത്താം.' അങ്ങനെ ഞങ്ങളും ഓടി. ഞാൻ മുന്നിലെത്തി. നേരത്തെ പറഞ്ഞ നിവേദനം ഒരുപക്ഷേ, മറ്റേതെങ്കിലും സന്ദർഭത്തിൽ നടന്നതായിരിക്കും. ഏതായാലും ഇത്തരം സൽപെരുമാറ്റത്തിന്റെ സംഭവങ്ങൾ ഉണ്ടായിക്കൊണ്ടേയിരുന്നു. അതിന് കുറേക്കാലത്തിനു ശേഷമുള്ള ഒരു കാര്യത്തെക്കുറിച്ചും പറയുന്നുണ്ട്. പിന്നീട് എന്റെ ശരീരം കുറച്ച് തടിച്ചതായിത്തീർന്നു. അങ്ങനെ ഒരിക്കൽ നബിﷺതിരുമേനിയുടെ കൂടെ ഞാൻ യാത്രയിലായിരുന്നു. ആ സന്ദർഭത്തിൽ നബിﷺതിരുമേനി കൂടെയുണ്ടായിരുന്ന ആളുകളോടു ഓട്ടമത്സരം നടത്താൻ പറഞ്ഞു. എല്ലാവരും അതിൽ ഭാഗഭാക്കായി. എന്നോടു പറഞ്ഞു: 'വരൂ, നമുക്കും ഓടാം, ഓട്ടമത്സരം നടത്താം.' അങ്ങനെ ഞങ്ങളും ഓടി. ഇത്തവണ നബിﷺതിരുമേനിയാണ് ജയിച്ചത്. അപ്പോൾ നബിﷺതിരുമേനി ചിരിച്ചുകൊണ്ടുപറഞ്ഞു: 'ഇത് കഴിഞ്ഞ പ്രാവശ്യത്തിനുള്ള പകരം വീട്ടലാണ്.'*(അസ്സീറ*

*ത്തുൽ ഹൽബിയ്യ, വാല്യം 2, പേജ് 393, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ ഈ സംഭവം വിവരിച്ചുകൊണ്ട് പറയുന്നു: 'നബിﷺതിരുമേനി തന്റെ ഭാര്യമാരോടൊപ്പം പുറത്ത് ചുറ്റിക്കറങ്ങാനിറങ്ങിയിരുന്നു. ഒരിക്കൽ സൈന്യത്തിനു മുന്നിൽ നബിﷺതിരുമേനിയും ഹദ്റത്ത് ആഇശയും ഓടി. ഒറ്റയ്ക്കല്ല ഓടിയത്. സൈന്യത്തിന് മുന്നിലായിരുന്നു ഓടിയത്. നബിﷺതിരുമേനി പിന്നിലാവുകയും ഹദ്റത്ത് ആഇശ വിജയിക്കുകയും ചെയ്തു. രണ്ടാമത്തെ തവണ ഓടിയപ്പോൾ നബിﷺതിരുമേനി വിജയിക്കുകയും ഹദ്റത്ത് ആഇശؓ പരാജയപ്പെടുകയും ചെയ്തു. ഹദ്റത്ത് ആഇശയുടെ ശരീരപ്രകൃതം അല്പം തടിച്ചതായിരുന്നു. നബിﷺതിരുമേനി പറഞ്ഞു: യാ ആഇശാ! തിൽക ബി തിൽക അതായത് അന്നത്തെ പരാജയത്തിന് പകരമാണ് ഈ പരാജയം. ചുരുക്കത്തിൽ നബിﷺതിരുമേനി തന്റെ ഭാര്യമാരോടൊപ്പം പുറത്ത് കറങ്ങാനിറങ്ങുന്നത് ഒരിക്കലും ഒരു കുറവായി കണ്ടിരുന്നില്ല. ഇസ്‌ലാം അനുമതി തന്ന കാര്യങ്ങളെ കുറവായി മനസ്സിലാക്കേണ്ടതില്ല.*(ഖുത്ബാത്തെ മഹ്മൂദ്, വാല്യം 33, പേജ് 269-270, ജുമുഅ ഖുത്ബ 1952 സെപ്റ്റംബർ 5)*

പഴയ കാലങ്ങളിൽ ചിലയാളുകൾ എന്തിനധികം ഇപ്പോഴും ഇത്തരമാളുകൾ ഭാര്യമാരോടു ഇക്കാര്യങ്ങളിൽ വലിയ അന്തരവും അനാവശ്യവുമായ ലജ്ജ വെച്ച് പുലർത്താറുണ്ട്. ഇന്നും പല ആളുകളും മുന്നിൽ നടക്കുകയും ഭാര്യമാർ പിന്നിലോ അല്ലെങ്കിൽ അകലം പാലിച്ചോ നടക്കുന്നു. ഇന്നത്തെ കാലത്തുള്ള ഇത്തരം ആളുകൾക്കുള്ള മാതൃക കൂടിയാണിത്. ഈ സൽപ്പെരുമാറ്റമാണ് ഇസ്‌ലാം സ്ത്രീകളോടു കാണിച്ചത്. അതിന്റെ മാതൃകയാണ് നബിﷺതിരുമേനി സ്ഥാപിച്ചത്.

ഈ യാത്രയിലാണ് ഇഫ്ക് അഥവാ നുണ പ്രചാരണ സംഭവത്തെക്കുറിച്ചും പരാമർശമുള്ളത്. അതിന്റെ വിശദീകരണം ഇപ്രകാരമാണ്. ബനൂ മുസ്ത്വലിഖിൽനിന്ന് തിരിച്ചു വരുമ്പോൾ മുനാഫിഖീങ്ങൾ മറ്റൊരു ഫിത്ന കൂടി ഉയർത്തി. അത് ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ആഇശക്കുമേലുള്ള ഒരു ദുരാരോപണമാണ്. ഇഫ്ക് അഥവാ നുണപ്രചാരണ സംഭവം എന്ന പേരിലാണ് അതറിയപ്പെടുന്നത്.

ആദ്യം അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ കലഹമുണ്ടാക്കാൻ ശ്രമിച്ച വെള്ളം സംബന്ധമായുള്ള ഒരു സംഭവമായിരുന്നു. എന്നാൽ, മറ്റൊരു സംഭവം കൂടിയുണ്ട്. സ്വഹീഹ് ബുഖാരിയുടെ നിവേദനമനുസരിച്ച് ഈ സംഭവത്തെ വിവരിച്ചുകൊണ്ട് ഹദ്റത്ത് ആഇശؓ പറയുന്നു: 'നബിﷺതിരുമേനി ഏതെങ്കിലും യാത്ര പോകാൻ തീരുമാനിക്കുമ്പോൾ തന്റെ സഹധർമ്മിണിമാർക്കിടയിൽ നറുക്കിടുകയും നറുക്ക് വീഴുന്ന ഭാര്യയെ കൂടെകൊണ്ടുപോവുകയും ചെയ്തിരുന്നു.' ഹദ്റത്ത് ആഇശؓ പറയുന്നു: 'ഒരു യുദ്ധത്തിന് പോകുന്ന സമയത്ത് നബിﷺതിരുമേനി ഞങ്ങൾക്കിടയിൽ നറുക്കിട്ടു. അതിൽ എനിക്കാണ് നറുക്ക് വീണത്. ഞാൻ നബിﷺതിരുമേനിയുടെ കൂടെ പോയി. ആ സമയത്ത് പർദയുടെ കൽപ്പന ഇറങ്ങിയിട്ടുണ്ടായിരുന്നു.' അതായത് ഈ സംഭവം പർദ്ദയുടെ കൽപ്പനയ്ക്ക് ശേഷമാണുണ്ടായത്. പറയുന്നു, ഞാനെന്റെ പല്ലക്കിലാണ് യാത്ര ചെയ്തിരുന്നത്. ഞങ്ങൾ യാത്ര തുടർന്നുകൊണ്ടിരുന്നു. ഈ യുദ്ധത്തിൽ നിന്ന് വിരമിച്ചശേഷം തിരിച്ചുവരികയായിരുന്നു. അങ്ങനെ മദീനയുടെ അടുത്തെത്തിയപ്പോൾ നബിﷺതിരുമേനി ഒരു രാത്രിയാണ് തിരിച്ചു പുറപ്പെടാൻ വിളംബരപ്പെടുത്തിയത്. തിരിച്ചു പുറപ്പെടാനുള്ള വിളംബരം കേട്ടപ്പോൾ ഞാൻ എഴുന്നേറ്റു. ഞാനും പുറപ്പെട്ടു. ഞാൻ സൈന്യത്തിനു മുന്നിലെത്തി. പ്രാഥമിക കർത്തവ്യങ്ങൾക്കുവേണ്ടി ഞാൻ വെളിയിൽപോയി. അവർ പറയുന്നു: ഞാൻ പ്രാഥമിക കൃത്യങ്ങളിൽനിന്ന് വിരമിച്ചതിനുശേഷം എന്റെ വാഹന മൃഗത്തിന് അടുത്തെത്തി. എന്റെ നെഞ്ചിൽ തൊട്ടുനോക്കിയപ്പോൾ ള്വഫാറിന്റെ മുത്തുകൾ കൊണ്ടുള്ള എന്റെ മാല എവിടെയോ പൊട്ടി വീണതായി കണ്ടു. ള്വഫാർ, സ്വൻആയുടെ അടുത്ത് യമനിലെ ഒരു പർവതമോ നഗരമോ മറ്റോ ആണ്. അവിടെയുള്ള മുത്തുകൾ വളരെ പ്രസിദ്ധമായിരുന്നു. അത് എവിടെയോ പൊട്ടി വീണു. ഞാൻ തിരിച്ചുവന്ന് എന്റെ മാല തിരയാൻ തുടങ്ങി. അത് തിരഞ്ഞ് നടന്നതുകൊണ്ട് അല്പം വൈകുകയും ചെയ്തു. എന്നെ പല്ലക്കിൽ കൊണ്ടുപോയിരുന്ന ആളുകളെത്തി. എന്റെ പല്ലക്ക് ഉയർത്തുകയും അതെന്റെ ഒട്ടകത്തിന്മേൽ വെക്കുകയും ചെയ്തു. ഞാൻ പല്ലക്കിലുണ്ടെന്നാണ് അവർ ധരിച്ചത്. അക്കാലത്ത് സ്ത്രീകൾ പൊതുവേ ഭാരം കുറവുള്ളവരായിരുന്നു. അവർക്ക് തടിയുണ്ടായിരുന്നില്ല. വളരെ കുറച്ചു ഭക്ഷണം മാത്രമാണ് അവർ കഴിച്ചിരുന്നത്. അതുകൊണ്ട് വലിയ തടി ഒന്നുമില്ലായിരുന്നു. പല്ലക്ക് എടുക്കുന്നവർ ഭാരമില്ലായ്മ ശ്രദ്ധിച്ചില്ല. അവർ പല്ലക്കെടുത്തു വെക്കുകയും ചെയ്തു. ഞാൻ ഒരു യുവപെൺകുട്ടിയായിരുന്നു. അവർ ഒട്ടകത്തെ എഴുന്നേൽപ്പിച്ച് യാത്ര പുറപ്പെട്ടു. സൈന്യം പോയതിനുശേഷം എനിക്കെന്റെ മാല തിരഞ്ഞു കിട്ടുകയും ചെയ്തു. അതായത് അവരെല്ലാം പോയി. ഞാൻ മാല തിരഞ്ഞു കൊണ്ടിരുന്നു. പിന്നീട് താവളമടിച്ചിരുന്ന സ്ഥലത്തെത്തി. അവിടെ വിളിക്കാനോ പറയാനോ ആരുമുണ്ടായിരുന്നില്ല. എല്ലാവരും പോയി കഴിഞ്ഞിരുന്നു. ആരെയും കാണാൻ കഴിഞ്ഞിരുന്നില്ല. ഞാനാദ്യമുണ്ടായിരുന്ന സ്ഥലത്തുതന്നെ വന്നു. അതായത് താവളമടിച്ചിരുന്ന സ്ഥലത്തുതന്നെ എത്തി. എന്നെ കാണാതാകുമ്പോൾ അവർ ഞാനുണ്ടായിരുന്ന സ്ഥലത്ത് തിരിച്ചു വരുമെന്നാണ് ഞാൻ കരുതിയത്. ഇതിനിടയിൽ അവിടെ ഇരുന്നപ്പോൾ മയക്കം വരികയും ഞാൻ ഉറങ്ങിപ്പോകുകയും ചെയ്തു. സ്വഫ്‌വാൻ ബിൻ മുഅത്ത്വൽ സുലമീ ദക്‌വാനീ സൈന്യത്തിന്റെ ഏറ്റവും പിന്നിലുണ്ടായിരുന്നു. എന്തെങ്കിലും സാധനങ്ങൾ വീണു പോവുകയാണെങ്കിൽ അത് സ്വരൂപിക്കുന്നതിന് സൈന്യത്തിന്റെ പിന്നിൽ വരുന്നതിനുള്ള ചുമതലയാണ് അദ്ദേഹത്തെ ഏൽപ്പിച്ചിരുന്നത്. എന്റെ താവളത്തിനടുത്ത് രാവിലെ എത്തിയപ്പോൾ അവിടെ ഒരാൾ ഉറങ്ങിക്കിടക്കുന്നതായി അദ്ദേഹം കണ്ടു. അദ്ദേഹം എന്നെ തിരിച്ചറിഞ്ഞു. അദ്ദേഹം എന്നെ പർദ്ദയുടെ കൽപ്പന വരുന്നതിനുമുമ്പേ കണ്ടിട്ടുണ്ടായിരുന്നു. അവർ പറയുന്നു: അദ്ദേഹം *ഇന്നാലില്ലാഹ്* എന്ന് ചൊല്ലുന്നതു കേട്ട് ഞാനുണർന്നു. അദ്ദേഹം എന്നെ മനസ്സിലാക്കിയപ്പോൾ ഞാനെന്റെ തട്ടംകൊണ്ട് മുഖം മറച്ചു. അല്ലാഹുവാണെ സത്യം, ഞങ്ങളൊന്നുംതന്നെ സംസാരിച്ചില്ല. അദ്ദേഹം *ഇന്നാലില്ലാഹ്* എന്ന് ചൊല്ലുന്നതു മാത്രമേ ഞാൻ കേട്ടിരുന്നുള്ളൂ. അദ്ദേഹം ഒട്ടകപ്പുറത്തുനിന്ന് ഇറങ്ങി ഒട്ടകത്തെ ഇരുത്തുകയും അതിന്റെ മുൻകാലുകളിൽ തന്റെ കാൽ വെക്കുകയും ചെയ്തു. ഞാനെഴുന്നേറ്റ് ഒട്ടകത്തിന് അടുത്തെത്തി. അതിൽ യാത്ര പുറപ്പെട്ടു. എന്നെയുംകൊണ്ട് ആ ഒട്ടകത്തിൽ അദ്ദേഹം മുന്നോട്ടുനീങ്ങി. അങ്ങനെ നട്ടുച്ച നേരത്ത് നല്ല ചൂടുള്ള സമയമാണ്, സൈന്യത്തിന്റെ അടുത്തെത്തി. ആളുകൾ തമ്പടിച്ച സമയമായിരുന്നു അത്. ദുരാരോപണം ഉന്നയിച്ചതിൽ വലിയ പങ്കു വഹിച്ചവർ ഏതായാലും നശിപ്പിക്കപ്പെട്ടു. അത് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലായിരുന്നു. ഉർവ്വؓ പറയാറുണ്ടായിരുന്നു: 'എന്നോടു പറയപ്പെട്ടു, അയാളുടെ അടുത്ത് സംസാരങ്ങൾ പരന്നു തുടങ്ങി. അയാൾക്ക് ചുറ്റിലും ഇതേപ്പറ്റിയുള്ള സംസാരങ്ങളുണ്ടായപ്പോൾ അയാൾ അതിനെ ശരിവയ്ക്കുകയും ശ്രദ്ധാപൂർവ്വം കേൾക്കുകയും ചികഞ്ഞ് അന്വേഷിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ ദുരാരോപണം ഉന്നയിക്കുന്നവരിൽ ഹസ്സാൻ ബിൻ ഥാബിത്ത്, മിസ്ത്വഹ് ബിൻ അഥാഥ, ഹംന ബിൻത് ജഹ്ശ് തുടങ്ങിയവരുൾപ്പെടെ കുറച്ചാളുകളുണ്ടായിരുന്നു. അതേപ്പറ്റി എനിക്ക് അറിവില്ല. അല്ലാഹു പറഞ്ഞതുപോലെ ഇതിന്റെ വലിയ ഉത്തരവാദിത്വമുണ്ടായിരുന്നത് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനായിരുന്നു. ഉർവ പറഞ്ഞു: ഹദ്റത്ത് ഹസ്സാനെകുറിച്ച് കുറ്റം പറയുന്നത് ഹദ്റത്ത് ആഇശؓ ഇഷ്ടപ്പെട്ടിരുന്നില്ല. അവർ പറഞ്ഞു: അദ്ദേഹം ആരാണെന്നാൽ ആരാണോ ഇങ്ങനെ പറഞ്ഞത് അതായത് എന്റെ പിതാവും അദ്ദേഹത്തിന്റെ പിതാവും അതായത് എന്റെ പിതാവിന്റെ പിതാവും എന്റെ അഭിമാനവും നിങ്ങൾക്കെതിരിൽ നബിﷺതിരുമേനിയുടെ അഭിമാനത്തിനുവേണ്ടി പരിചയായിരിക്കും. നബിﷺതിരുമേനിയെ സംബന്ധിച്ച് വളരെ നല്ല ചിന്താഗതികളായിരുന്നു. വലിയ ആത്മാർഥതയുടേയും കൂറിന്റേയും ബന്ധമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ സംബന്ധിച്ച് ദോഷം പറയുന്നത് അവർ ഒരിക്കലും കേട്ടിരുന്നില്ല.

ഹദ്റത്ത് ആഇശؓ പറയുന്നു: ഞാൻ ഒരു മാസത്തോളം രോഗിയായിരുന്നു. യാത്ര കഴിഞ്ഞു ആളുകളെല്ലാമെത്തി. സംഘങ്ങളെല്ലാം മദീനയിലെത്തിയിട്ടുണ്ടായിരുന്നു. ഞാൻ അവിടെ എത്തിയപ്പോൾ രോഗിയായി. ആളുകൾ കള്ളക്കഥകളുണ്ടാക്കി കൊണ്ടിരുന്നു. പക്ഷേ, എനിക്ക് അതേക്കുറിച്ച് ഒന്നുംതന്നെ അറിയില്ലായിരുന്നു. രോഗിയായതുകൊണ്ട് വീട്ടിൽത്തന്നെയായിരുന്നു. ഞാനൊന്നും അറിയുന്നുണ്ടായിരുന്നില്ല. സാധാരണഗതിയിൽ അസുഖമാകുമ്പോൾ നബിﷺതിരുമേനി കാണിച്ചിരുന്ന ഔദാര്യങ്ങൾ കാണിക്കുന്നില്ലെന്നത് മാത്രമാണ് എന്നെ അസ്വസ്ഥപ്പെടുത്തിക്കൊണ്ടിരുന്നത്. ഞാൻ രോഗിയാകുമ്പോൾ നബിﷺതിരുമേനി എന്റെയടുക്കൽ വരികയും സലാം പറയുകയും എന്താണ് വിവരങ്ങളെന്ന് ചോദിക്കുകയും ചെയ്തിട്ടാണ് പോകാറുണ്ടായിരുന്നതാണ്. ഇതുമാത്രമാണുണ്ടായിരുന്നത്. അതിനെക്കാളധികം സൽപെരുമാറ്റമൊന്നും കാണിച്ചില്ല. ഈ കാര്യം എന്നെ വളരെ അസ്വസ്ഥയാക്കിക്കൊണ്ടിരുന്നു. പുറത്തുണ്ടായിരുന്ന ദ്രോഹങ്ങളെ സംബന്ധിച്ച് ഞാൻ അറിഞ്ഞിരുന്നില്ല. എനിക്കൽപം സുഖമായപ്പോൾ ഞാൻ ഉമ്മു മിസ്ത്വഹിനോടൊപ്പം മനാസിയിൽ പോയി. ഇവിടെയാണ് ഞങ്ങൾ വെളിയിലിരിക്കാൻ പോയിരുന്നത്. രാത്രി സമയങ്ങളിലായിരുന്നു ഞങ്ങൾ പോയിരുന്നത്. ഇത് ഞങ്ങൾ വീടുകളിൽ ശൗചാലയം ഉണ്ടാക്കുന്നതിന് മുമ്പേയുള്ള കാര്യമാണ്. അതായത് പ്രാഥമിക കൃത്യങ്ങൾ നിർവഹിക്കുന്നതിനുവേണ്ടി ഞങ്ങൾ ഇവിടെയാണ് പോകാറുണ്ടായിരുന്നത്. ആ സമയത്ത് വീടുകളിൽ ശൗചാലയമുണ്ടായിരുന്നില്ല. അവർ തുടരുന്നു: ഞങ്ങളും അറബികളെപോലെ കാടുകളിലാണ് പ്രാഥമിക കൃത്യങ്ങൾ നിർവഹിച്ചുകൊണ്ടിരുന്നത്. വീടുകളിൽ ശൗചാലയം ഉണ്ടാക്കുന്നത് ഞങ്ങൾക്ക് അസ്വസ്ഥത ഉണ്ടാക്കിയിരുന്നു. ഏതായാലും പിന്നീട് അത് ശീലമായി വീടുകളിൽത്തന്നെ ഉണ്ടാക്കിത്തുടങ്ങി.

തുടർന്ന് പറയുന്നു: ഞാനും ഉമ്മു മിസ്ത്വാഹുമാണ് പോയത്. ഇവർ അബൂ റുഹ്മ് ബിൻ മുത്ത്വലിബ് ബിൻ അബ്ദി മനാഫിന്റെ മകളായിരുന്നു. അവരുടെ മാതാവ് സ്വഖ്ർ ബിൻ ആമിറിന്റെ മകളായിരുന്നു. ഇവർ ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെ മാതൃസഹോദരിയാണ്. അവരുടെ മകൻ മിസ്ത്വഹ് ബിൻ അഥാഥ ബിൻ

അബ്ബാദ് ബിൻ മുത്ത്വലിബായിരുന്നു. ഞാനും ഉമ്മു മിസ്തഹും ഞങ്ങളുടെ വീട്ടിൽ വരികയായിരുന്നു. ഞങ്ങൾ ഞങ്ങളുടെ കൃത്യങ്ങളിൽ നിന്ന് വിരമിച്ചു തിരികെ വരുമ്പോൾ ഉമ്മു മിസ്ത്വഹ് തന്റെ മൂടുപടത്തിൽ ചവിട്ടി വീഴാൻ പോയി. അവർ പറഞ്ഞു: മിസ്ത്വഹിന് ദോഷം ഭവിക്കട്ടെ! ഞാൻ പറഞ്ഞു: നിങ്ങളെന്താണ് ഈ പറയുന്നത്. ബദ്റിൽ പങ്കെടുത്ത ഒരാളെ സംബന്ധിച്ചാണോ നിങ്ങൾ ഇങ്ങനെ പറയുന്നത്? അവർ പറഞ്ഞു: 'അല്ലയോ നിഷ്കളങ്കയായ കുട്ടീ, അയാൾ പറഞ്ഞുതൊന്നും നീ കേട്ടില്ലേ?' ഞാൻ ചോദിച്ചു: 'എന്താണ് പറഞ്ഞത്?' അവർ എനിക്ക് ഇഫ്ക് സംഭവത്തിന്റെ കഥ മുഴുവനും കേൾപ്പിച്ചു തന്നു. ഹദ്റത്ത് ആഇശറപറയുന്നു: ഈ സംഭവം കേട്ടപ്പോൾ എന്റെ രോഗം കുറേക്കൂടി മൂർചിച്ചു.

മറ്റൊരു നിവേദനത്തിൽ പ്രാഥമികകൃത്യങ്ങൾക്ക് പോകുന്ന സംഭവത്തെക്കുറിച്ച് പറയുന്നു: ഹദ്റത്ത് ആഇശറപറയുന്നു: ഞാൻ പ്രാഥമിക കൃത്യങ്ങൾക്കുവേണ്ടി പുറത്തു പോയിരുന്നു. എന്റെ കൂടെ ഉമ്മു മിസ്ത്വാഹുമുണ്ടായിരുന്നു. അവർ തടഞ്ഞുവീഴാൻ പോയി, അപ്പോൾ പറഞ്ഞു: മിസ്ത്വാഹിന് ദോഷം ഭവിക്കട്ടെ! ഞാൻ പറഞ്ഞു: 'ഉമ്മാ, നിങ്ങൾ സ്വന്തം മകനു ദോഷമുണ്ടാകാൻ വേണ്ടി പറയുകയാണോ?' അപ്പോൾ അവർ നിശബ്ദയായി. പിന്നീട് വീണ്ടും അവർ വീഴാൻ പോയി. അപ്പോൾ വീണ്ടും മിസ്ത്വഹിന് ദോഷം ഉണ്ടാകട്ടെ എന്ന് പറഞ്ഞു. ഞാൻ ചോദിച്ചു: 'നിങ്ങൾ നിങ്ങളുടെ മകനു ദോഷമുണ്ടാകാൻ പറയുകയാണോ?' പിന്നീട് മൂന്നാമതും അവർ വീഴാൻ പോയപ്പോൾ വീണ്ടും മിസ്ത്വഹിന് ദോഷമുണ്ടാകട്ടെ എന്ന് പറഞ്ഞു. ഞാൻ അവരെ ശകാരിച്ചു. ഒരുപക്ഷേ, ഈ ചിന്ത കാരണം അശ്രദ്ധയായതു കൊണ്ടായിരിക്കാം അവർ തടഞ്ഞു വീഴാൻ പോയത്. ഏതായാലും പറയുന്നു: ഞാൻ അവരെ ശകാരിച്ചപ്പോൾ അവർ പറഞ്ഞു: അല്ലാഹുവാണെ സത്യം, നീ കാരണമല്ലാതെ ഞാൻ അവനെ മോശമായതൊന്നും പറഞ്ഞിട്ടില്ല. അതായത് നീ കാരണമാണ് ഞാൻ അവനെ മോശമായി പറയുന്നത്, ആ ചിന്താഗതികൾ എന്റെ മനസ്സിൽ വരുന്നു.' ഞാൻ ചോദിച്ചു: ഞാൻ കാരണമോ? അപ്പോൾ അവർ എല്ലാ കാര്യങ്ങളും എന്നോടു തുറന്നു പറഞ്ഞു. എന്തെല്ലാം കാര്യങ്ങളാണ് നടക്കുന്നതെന്ന് എന്നോടു വ്യക്തമാക്കി. പറയുന്നു: അല്ലാഹുവാണെ സത്യം! ഞാൻ വീട്ടിൽ തിരിച്ചു വന്നു. ഏതൊരു ഉദ്ദേശ്യത്തിനു വേണ്ടിയാണോ പുറത്തു പോയത് അതൊന്നും നടന്നില്ല. വീട്ടിൽ തിരിച്ചെത്തി നബിﷺതിരുമേനി എന്റെ അടുക്കൽ വന്നു, സലാം പറഞ്ഞു, പിന്നെ വിവരങ്ങൾ ചോദിച്ചു. ഞാൻ നബിﷺതിരുമേനിയോട് പറഞ്ഞു: എനിക്കെന്റെ മാതാപിതാക്കളുടെ അടുത്തുപോകാൻ അനുമതി തരുമോ? ഞാൻ അവരുടെ അടുത്തുപോയി ഈ വാർത്തയുടെ നിജസ്ഥിതി മനസ്സിലാക്കണമെന്നാണ് ആഗ്രഹിച്ചത്. ഇബ്നു ഹിശാം വിവരിക്കുന്നു: ഹദ്റത്ത് ആഇശറതന്റെ മാതാപിതാക്കളുടെ വീട്ടിൽപോയ സമയത്ത് അവർക്ക് ദുരാരോപണത്തെ സംബന്ധിച്ച് അറിവുണ്ടായിരുന്നില്ല. ഉമ്മു മിസ്ത്വഹ് പറഞ്ഞ സംഭവം മാതാപിതാക്കളുടെ വീട്ടിൽപോയ ശേഷമാണുണ്ടായത്. ഏതായിരുന്നാലും രണ്ടു നിവേദനങ്ങളുമുണ്ട്. അവർ പറയുന്നു: എനിക്ക് അനുമതി നൽകി. മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് ആഇശറ പറയുന്നു: നബിﷺതിരുമേനി എന്റെ കൂടെ ഒരു ജോലിക്കാരനെയും അയച്ചിരുന്നു. ഞാൻ വീടെത്തിയപ്പോൾ എന്റെ ഉമ്മയെ വീടിന്റെ താഴത്തെ നിലയിലും ഹദ്റത്ത് അബൂബക്റിനെ വീടിന്റെ മുകളിലത്തെ നിലയിലുമാണ് കണ്ടത്. അദ്ദേഹം ഖുർആൻ പാരായണം ചെയ്യുകയായിരുന്നു. ഇത് ബുഖാരിയിലുള്ള നിവേദനമാണ്. അവർ പറയുന്നു: 'ഞാൻ എന്റെ ഉമ്മയോടു പറഞ്ഞു. ഉമ്മാ! ആളുകളെന്തെല്ലാമാണ് പറയുന്നത്?' അവർ പറഞ്ഞു: 'പൊന്നുമോളേ! ധൈര്യം വെടിയരുത്, അല്ലാഹുവാണെ സത്യം! ഭംഗിയും സൗന്ദര്യമുള്ള ഒരു സ്ത്രീ ആരുടെയെങ്കിലും ഭാര്യയായിരിക്കുകയും അതേസമയം അദ്ദേഹത്തിന് മറ്റു ഭാര്യമാർ ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ അത്തരം സ്ത്രീകൾക്കെതിരെ ഇങ്ങനെയൊന്നും പറയാതിരുന്നിട്ടില്ല.' ഞാൻ പറഞ്ഞു: 'സുബ്ഹാനല്ലാഹ്! ഇവർ എന്നെ സംബന്ധിച്ചും ഇത്തരം കാര്യങ്ങൾ പറയുകയാണോ?'

മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് ആഇശറ പറയുന്നു: 'ഹദ്റത്ത് അബൂബക്ർറ വീടിന്റെ മുകളിലിരുന്ന് വിശുദ്ധ ഖുർആൻ ഓതുകയായിരുന്നു. എന്റെ ശബ്ദം കേട്ടപ്പോൾ താഴെ ഇറങ്ങി വന്നു. എന്റെ ഉമ്മയോടു പറഞ്ഞു, 'അവൾക്കെന്തുപറ്റി?' അവർ പറഞ്ഞു: 'അവളെ പ്പറ്റി പറയുന്ന കാര്യങ്ങളെല്ലാം അവൾ അറിഞ്ഞിരിക്കുന്നു.' അപ്പോൾ അദ്ദേഹത്തിന്റെ അതായത് ഹദ്റത്ത് അബൂബക്റിന്റെ കണ്ണുകളിൽ നിന്ന് കണ്ണീർ ഒഴുകുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: 'എന്റെ പ്രിയപ്പെട്ട മോളേ! അല്ലാഹുവാണെ സത്യം, നീ നിന്റെ വീട്ടിൽത്തന്നെ തിരിച്ചു പോകുക.'

ഹദ്റത്ത് ആഇശറപറയുന്നു: 'ഞാൻ തിരിച്ചു പോയി. ഞാൻ രാത്രി മുഴുവനും കരഞ്ഞുകൊണ്ടിരുന്നു, അങ്ങനെ നേരം വെളുത്തു. എന്റെ കണ്ണീർ തോരുന്നുണ്ടായിരുന്നില്ല. എനിക്ക് ഉറക്കം വരുന്നില്ല. പിന്നീടു ഞാൻ കരഞ്ഞുകൊണ്ടുതന്നെ നേരം വെളുപ്പിച്ചു.' ഹദ്റത്ത് ആഇശറ വിവരിക്കുന്നു: നബിﷺതിരുമേനിക്ക് വഹി ഇറങ്ങുന്ന കാര്യത്തിൽ കാലവിളംബമുണ്ടായി. നബിﷺതിരുമേനി, ഹദ്റത്ത് അലി ബിൻ അബീ ത്വാലിബിനെയും ഹദ്റത്ത് ഉസാമ ബിൻ സയ്ദിനെയും വിളിപ്പിച്ചു, രണ്ടുപേരോടും ഹദ്റത്ത് ആഇശയെ ഒഴിവാക്കുന്നത് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞു. അവർ വിവരിക്കുന്നു: 'ഉസാമ, നബിﷺതിരുമേനിയുടെ കുടുംബത്തെക്കുറിച്ച് അറിയാവുന്ന നിരപരാധിത്വം സംബന്ധിച്ച് പറഞ്ഞു. 'അവർ അങ്ങയുടെ സഹധർമ്മിണിയാണ്. ഞങ്ങൾ അവരിൽ നന്മയല്ലാതെ മറ്റൊന്നും കണ്ടിട്ടില്ല.' അതായത് ഞങ്ങൾ നന്മ മാത്രമേ കണ്ടിട്ടുള്ളൂ, 'ഒഴിവാക്കേണ്ട പ്രശ്നംതന്നെ ഉദിക്കുന്നില്ല.' മറ്റൊരു നിവേദനത്തിൽ പറയുന്നു: 'അത് തികച്ചും കളവാണ്. അടിസ്ഥാനരഹിതമാണ്.' എന്നാൽ, ഹദ്റത്ത് അലിറ പറഞ്ഞു: 'യാ റസൂലല്ലാഹ്! അല്ലാഹു അങ്ങയ്ക്ക് ഞെരുക്കം വെച്ചിട്ടില്ല. അവരെ കൂടാതെ വേറെയും സ്ത്രീകളുണ്ട്. അങ്ങയുടെ വേലക്കാരിയോട് ചോദിച്ചാൽ അവൾ സത്യം പറയുന്നതായിരിക്കും.' ഹദ്റത്ത് അലി അല്പം സംശയം പ്രകടിപ്പിച്ചു. ഹദ്റത്ത് ആഇശറപറയുന്നു: 'നബിﷺതിരുമേനി ബരീറയെ വിളിച്ചു, അവരായിരുന്നു വേലക്കാരി. നബിﷺതിരുമേനി അവരോടു ചോദിച്ചു: 'ബരീറേ! നിനക്ക് സംശയമുണ്ടാക്കുന്ന എന്തെങ്കിലും കാര്യങ്ങൾ നീ കണ്ടിരുന്നുവോ?' ബരീറ പറഞ്ഞു: 'അങ്ങയെ സത്യവുമായി അയച്ച റബ്ബിനാണെ സത്യം! ഞാൻ അവരിലൊരിക്കലും ഒരു ന്യൂനതയും കണ്ടിട്ടില്ല. അവർ ഒരു ചെറിയ പെൺകുട്ടിയാണ്. പലപ്പോഴും വീട്ടിൽ മാവ് കുഴച്ചുവെച്ച് ഉറങ്ങിപ്പോകാറുണ്ട്. അത് വീട്ടിലെ ആട് തിന്നുപോകുകയും ചെയ്യും. അതായത് അത്രമാത്രം ഉറങ്ങിപ്പോകുന്നു. ഈയൊരു അശ്രദ്ധയല്ലാതെ മറ്റൊരു കുറവും ഞാൻ കണ്ടിട്ടില്ല.' മറ്റൊരു നിവേദനത്തിൽ പറയുന്നു: നബിﷺതിരുമേനിയുടെ ഒരു സ്വഹാബി ഈ വേലക്കാരിയെ ശകാരിച്ചുകൊണ്ട് പറഞ്ഞു, ഇതു സംബന്ധിച്ച് നബിﷺതിരുമേനിയോട് യാഥാർഥ്യം പറയുക. അവർ അതു സംബന്ധമായി ചികഞ്ഞ് അന്വേഷിക്കുകയായിരുന്നു. ആ സ്ത്രീ പറഞ്ഞു: 'അല്ലാഹുവാണ് പരിശുദ്ധൻ, അല്ലാഹുവാണെ സത്യം, എനിക്ക് അതേപ്പറ്റി സ്വർണപ്പണിക്കാരന് തങ്കത്തെക്കുറിച്ച് അറിയുന്നതുപോലെയല്ലാതെ മറ്റൊന്നും അറിയില്ല. ഞാൻ അവരെ എപ്പോഴും നല്ല നിലയിൽ മാത്രമേ കണ്ടിട്ടുള്ളൂ.'

വേറൊരു നിവേദനത്തിൽ പറയുന്നു. നബിﷺതിരുമേനി ഉമ്മു അയ്മനോടും ഹദ്റത്ത് ആഇശയെ സംബന്ധിച്ച് ചോദിച്ചു. അവർ പറഞ്ഞു: 'ഞാനെന്റെ കാതുകളെയും കണ്ണുകളെയും സംരക്ഷിച്ചു നിറുത്തുകയാണ്. ഞാൻ ആഇശയെ സംബന്ധിച്ച് എപ്പോഴും നല്ല വിചാരങ്ങൾ മാത്രമേ വെച്ചുപുലർത്തുന്നുള്ളൂ.' നബിﷺതിരുമേനി തന്റെ സഹധർമ്മിണിയായ ഹദ്റത്ത് സയ്നബ് ബിൻത് ജഹ്ശിനോടും എന്നെ സംബന്ധിച്ച് ചോദിച്ചു. അവിടന്ന് ചോദിച്ചു: 'ഈ പറയപ്പെടുന്ന കാര്യങ്ങളെ സംബന്ധിച്ച് നിനക്കറിയാമോ, അങ്ങനെയാണെന്ന് നീ കരുതുന്നുണ്ടോ?' അവർ പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞാനെന്റെ കേൾവിയും കാഴ്ചയും സുരക്ഷിതമാക്കി വെച്ചിരിക്കുന്നു. അതായത് നല്ല ബോധപൂർവ്വം തന്നെയാണ് പറയുന്നത്. കണ്ണിനും കാതിനും നല്ല തെളിച്ചവുമുണ്ട്. അല്ലാഹുവാണെ സത്യം! ഞാൻ അവരിൽ നന്മയല്ലാതെ മറ്റൊന്നും കണ്ടിട്ടില്ല, ഞാൻ നന്മ മാത്രമേ കണ്ടിട്ടുള്ളൂ.' ഹദ്റത്ത് ആഇശറ പറയുന്നു: 'ഇവർ നബിﷺതിരുമേനിയുടെ ഭാര്യമാരിൽ ഞാനുമായി അല്പം നീരസത്തിലുള്ള വ്യക്തിയാണ്. എന്നോടു അല്പം നീരസമുണ്ട്. പക്ഷേ, അല്ലാഹു തഖ്‌വാ കാരണം അവരെ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. അവർ തെറ്റായി ഒന്നും പറഞ്ഞില്ല. 'ഹദ്റത്ത് ആഇശറ വിവരിക്കുന്നു: 'മറ്റുള്ളവർക്കുവേണ്ടി വഴക്കുകൂടിയ അവരുടെ സഹോദരി ഹംന മറ്റുള്ളവർക്കൊപ്പം നശിപ്പിക്കപ്പെട്ടു. അവളുടെ പര്യവസാനം നന്നായില്ല.' ഹദ്റത്ത് ആഇശറ തുടരുന്നു: അല്ലാഹുവാണെ സത്യം! എന്നെ ചേർത്ത് പറയപ്പെട്ടിരുന്ന വ്യക്തി സ്വഫ്‌വാൻ ബിൻ മുഅത്തൽ പറയുന്നു: 'ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെ സത്യം! ഞാനൊരിക്കലും ഒരു സ്ത്രീയെയും നഗ്നയാക്കിയിട്ടില്ല, ഒരിക്കലും ഒരു സ്ത്രീയുമായും അവിശുദ്ധ ബന്ധം ഉണ്ടാക്കിയിട്ടുമില്ല.' ഹദ്റത്ത് ആഇശറ പറയുന്നു: 'പിന്നീട് അദ്ദേഹം അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദായി. അദ്ദേഹം ശഹാദത്തിന്റെ പദവി കരസ്ഥമാക്കിയ നല്ല മനുഷ്യനായിരുന്നു.'

അല്ലാമ ഇബ്നു ഇസ്ഹാഖ് പറയുന്നു: 'ഹദ്റത്ത് അബൂ അയ്യൂബ് ഖാലിദ് ബിൻ സയ്ദ് അൻസ്വാരിയുടെ ഭാര്യ ഉമ്മു അയ്യൂബ് അദ്ദേഹത്തോടുപറഞ്ഞു: ആളുകൾ ആഇശയെറ സംബന്ധിച്ച് പറയുന്നത് നിങ്ങൾ കേട്ടുവോ? അബൂ അയ്യൂബ് പറഞ്ഞു: 'അതെ, ഞാൻ കേട്ടു, അതെല്ലാം കള്ളമാണ്. ഉമ്മു അയ്യൂബേ! നിനക്ക് അത്തരം കൃത്യം ചെയ്യാൻ കഴിയുമോ?' ഉമ്മു അയ്യൂബ് പറഞ്ഞു: 'അല്ലാഹുവാണെ സത്യം! എനിക്ക് അങ്ങനെയുള്ള നീചകൃത്യം ചെയ്യാൻ കഴിയില്ല.' അബൂ അയ്യൂബ് പറഞ്ഞു: 'അപ്പോൾപ്പിന്നെ ആഇശറ നിങ്ങളെക്കാളും എത്രയോ ഔന്നിത്യവും മേന്മയുമുള്ള മഹതിയാകുന്നു. അവരെങ്ങനെയാണ് ഇത്തരം പണികൾ ചെയ്യുക?'

സ്വഹീഹ് ബുഖാരിയിൽ പറയുന്നു: ഈ സന്ദർഭത്തിൽ അൻസ്വാരിയായ ഒരാളിങ്ങനെ പറഞ്ഞു: 'അല്ലാഹുവേ, നീ പരിശുദ്ധനാകുന്നു. ഇത്തരം കാര്യങ്ങൾ പറഞ്ഞു നടക്കുന്നത് ഞങ്ങൾക്ക് ചേർന്നതല്ല. അല്ലാഹുവേ, നീ പരിശുദ്ധനാകുന്നു. ഇത് പെരുങ്കള്ളമാകുന്നു.' ഇതും ബുഖാരിയിലുള്ള നിവേദനമാണ്.

ബുഖാരിയുടെ വ്യാഖ്യാതാവായ അല്ലാമ ഇബ്നു ഹജർ പറയുന്നു: 'ഇത് അബു അയ്യൂബ് അൻസ്വാരിയായിരുന്നു.' ഉബയ്യ് ബിൻ കഅ്ബ് നിവേദനം: അദ്ദേഹം ഇത് തന്റെഭാര്യയായ ഉമ്മു ത്വുഫയ്‌ലിനോട് പറഞ്ഞതാണ്. ഹദ്റത്ത് ആഇശറ പറയുന്നു: നബിﷺതിരുമേനി അതേ ദിവസം തന്നെ എഴുന്നേറ്റുനിന്ന് അബ്ദുല്ലാഹ് ബിൻ ഉബയ്യുമായി തന്റെ ബന്ധം വിച്ഛേദിക്കുന്നതായി പ്രഖ്യാപിച്ചു. നബിﷺതിരുമേനി മിമ്പറിൽ തന്നെയായിരുന്നു. നബിﷺതിരുമേനി പറഞ്ഞു: 'അല്ലയോ മുസ്‌ലിം സമൂഹമേ! എന്റെ വീട്ടുകാരെ സംബന്ധിച്ച് എന്നെ പ്രയാസത്തിലാക്കിയ വ്യക്തിയിൽനിന്ന് എന്നെ സഹായിക്കാൻ നിങ്ങളിലാരുണ്ട്? അല്ലാഹുവാണെ സത്യം! ഞാനെന്റെ കുടുംബത്തിൽ നന്മ മാത്രമേ കണ്ടിട്ടുള്ളൂ. അവർ പറയുന്ന വ്യക്തി അതായത് സ്വഫ്‌വാൻ ബിൻ മുഅത്തലിനെ സംബന്ധിച്ചും എനിക്ക് നന്മ മാത്രമേ അറിയുകയുള്ളൂ. അതായത് (ആരോപണം ഉന്നയിക്കപ്പെടുന്ന) പുരുഷനെ സംബന്ധിച്ചും സാക്ഷ്യം നൽകിക്കൊണ്ട് നബിﷺതിരുമേനി പറയുന്നു: 'ഞാൻ അദ്ദേഹത്തിൽ നന്മ മാത്രമേ കണ്ടിട്ടുള്ളൂ. എന്റെ കുടുംബത്തിനടുത്ത് എന്റെ കൂടെയല്ലാതെ അദ്ദേഹം വന്നിട്ടില്ല. ഞാൻ പോകുന്ന യാത്രകളിലെല്ലാം അദ്ദേഹം എന്റെ കൂടെ തീർച്ചയായും വന്നിട്ടുണ്ട്.'

ഹദ്റത്ത് ആഇശറ പറയുന്നു: 'ബനീ അബ്ദി അശ്അലിൽ നിന്നുള്ള ഹദ്റത്ത് സഅ്ദ് ബിൻ മുആദ്റഎഴുന്നേറ്റു. മറ്റു ചിലർ ഉസയ്ദ് ബിൻ ഹുളയ്റാണെന്ന് പറയുന്നുണ്ട്. അദ്ദേഹം പറഞ്ഞു: ഞാൻ അങ്ങയെ സംരക്ഷിക്കാം. നബിﷺതിരുമേനി വേദനയും അസ്വസ്ഥതയും പ്രകടിപ്പിച്ചപ്പോൾ ജനങ്ങളിൽനിന്ന് അദ്ദേഹം എഴുന്നേറ്റുനിന്നു പറഞ്ഞു: 'ഞാൻ അങ്ങയെ സംരക്ഷിക്കാൻ തയ്യാറാണ്. അങ്ങയുടെ കുടുംബത്തെ പറ്റി തെറ്റായ ആരോപണം ഉന്നയിച്ചവരിൽനിന്ന് ഞാൻ സംരക്ഷിക്കാം. അത് ഔസ് ഗോത്രത്തിൽ നിന്നാണെങ്കിൽ ഞാൻ അയാളുടെ തല കൊയ്യുന്നതായിരിക്കും. ഞങ്ങളുടെ സഹോദരന്മാരായ ഖസ്റജിൽ നിന്നാണെങ്കിൽ അങ്ങ് കൽപ്പന നൽകിയാലും. അതനുസരിച്ച് പ്രവർത്തിക്കുന്നതാണ്. ഹദ്റത്ത് ആഇശറ പറയുന്നു: 'ഖസ്റജിൽ നിന്നൊരാളെഴുന്നേറ്റു. ഹസ്സാന്റെ മാതാവ് ഈ ഗോത്രത്തിലെ ഒരു ശാഖ മുഖേന ഇയാളുടെ പിതൃവ്യപുത്രിയായിരുന്നു. അത് ഖസ്റജ് ഗോത്രത്തലവനായ സഅ്ദ് ബിൻ ഉബാദയായിരുന്നു. അദ്ദേഹം അതിനുമുമ്പേ നല്ല വ്യക്തിയായിരുന്നു. പക്ഷേ, ജനപിന്തുണ അദ്ദേഹത്തെ പ്രലോഭിപ്പിച്ചിരുന്നു. അദ്ദേഹം സഅ്ദിനോടു പറഞ്ഞു: അതായത് ഇതുകേട്ടപ്പോൾ അയാളെഴുന്നേറ്റു സഅ്ദിനോടു പറഞ്ഞു; അല്ലാഹുവാണെ സത്യം! നിങ്ങൾ പറയുന്നത് തെറ്റാണ്. അയാളെ നിങ്ങൾക്ക് കൊല്ലാൻ കഴിയുന്നതല്ല. അതിന് നിങ്ങൾക്ക് ശക്തിയില്ല. നിങ്ങളുടെ ഗോത്രത്തിൽ നിന്നാണെങ്കിൽ അത്തരമൊരാൾ കൊല്ലപ്പെടണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതല്ല. ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ എഴുന്നേറ്റു. അദ്ദേഹം സഅ്ദിന്റെ പിതൃവ്യപുത്രനായിരുന്നു. അദ്ദേഹം സഅ്ദ് ബിൻ ഉബാദയോടു പറഞ്ഞു: 'നിങ്ങൾ പറയുന്നതാണ് തെറ്റ്. അല്ലാഹുവാണെ സത്യം! ഞങ്ങൾ തീർച്ചയായും അത്തരമാളുകളെ കൊല്ലുന്നതായിരിക്കും. നിങ്ങൾ മുനാഫിഖാണ്. നിങ്ങൾ മുനാഫിഖീങ്ങൾക്കുവേണ്ടി പൊരുതുകയാണ്. ഹദ്റത്ത് ആഇശറപറയുന്നു: ഇതേക്കുറിച്ച് സ്വഹാബാക്കൾക്കിടയിലും തർക്കം തുടങ്ങി. ഔസ്, ഖസ്റജ് ഗോത്രങ്ങൾ പരസ്പരം പോരടിക്കും വിധം ഇളകിവശായി. നബിﷺതിരുമേനി മിമ്പറിൽ ത്തന്നെ നിൽക്കുന്നുണ്ടായിരുന്നു. അവിടന്ന് അവരെ പിന്തിരിപ്പിച്ചു കൊണ്ടിരുന്നു. അങ്ങനെ അവർ ഇരുകൂട്ടരും നിശബ്ദരായി. നബിﷺതിരുമേനിയും മൗനം ദീക്ഷിച്ചു.

ഹദ്റത്ത് ആഇശറപറയുന്നു: ഞാൻ ആ ദിവസം മുഴുവനും കരഞ്ഞുകൊണ്ടിരുന്നു. എന്റെ കണ്ണീർ തോരുന്നുണ്ടായിരുന്നില്ല. എനിക്ക് ഉറക്കം വന്നില്ല. ഹദ്റത്ത് ആഇശറപറയുകയാണ്: എന്റെ മാതാപിതാക്കളും എന്റെയടുത്തുണ്ടായിരുന്നു. ഞാൻ രണ്ടുരാത്രിയും ഒരു പകലും കരഞ്ഞുകൊണ്ടിരുന്നു. എന്റെ കണ്ണീർ തോരുകയോ ഉറക്കം വരികയോ ചെയ്യുന്നുണ്ടായിരുന്നില്ല. ഇങ്ങനെ കരഞ്ഞുകൊണ്ടിരുന്നാൽ എന്റെ കരൾ പിളർന്നു പോകുമെന്ന് എനിക്കുതോന്നി. ഈ സമയമത്രയും എന്റെ മാതാപിതാക്കൾ എന്റെ അടുത്തുണ്ടായിരുന്നു. ഞാൻ കരഞ്ഞുകൊണ്ടേയിരിക്കുകയായിരുന്നു. അപ്പോൾ ഒരു അൻസ്വാരി സ്ത്രീ എന്റെ അടുത്ത് വരാൻ അനുവാദം ചോദിച്ചു. ഞാൻ അവർക്ക് അനുവാദം കൊടുത്തു. അവരും എന്റെകൂടെയിരുന്ന് കരയാൻ തുടങ്ങി. ഹദ്റത്ത് ആഇശറപറയുന്നു: ഞങ്ങൾ അതേ അവസ്ഥയിൽ ഇരിക്കുകയായിരുന്നു. നബിﷺതിരുമേനി ഞങ്ങളുടെയടുക്കൽ വന്നു, സലാം പറഞ്ഞു. നബിﷺതിരുമേനി ഈ സംഭവത്തിനുശേഷം എന്റെയടുത്ത് ഇരുന്നിട്ടില്ല. സലാം പറഞ്ഞ് ദൂരെനിന്ന് കാര്യങ്ങൾ അന്വേഷിച്ചു പോകുമായിരുന്നു. ഹദ്റത്ത് ആഇശറ പറയുന്നു: ഒരു മാസംവരെ ഇങ്ങനെ തുടർന്നു. എന്നെ സംബന്ധിച്ച് നബിﷺതിരുമേനിക്ക് വഹിയൊന്നും ഇറങ്ങിയില്ല. ഹദ്റത്ത് ആഇശറതുടരുന്നു: 'നബിﷺതിരുമേനി പറഞ്ഞു: ആഇശാ, നിന്നെ സംബന്ധിച്ച് എനിക്ക് ഇന്നയിന്ന കാര്യങ്ങൾ കേൾക്കാൻ കഴിഞ്ഞിരിക്കുന്നു. നീ നിരപരാധിയാണെങ്കിൽ തീർച്ചയായും അല്ലാഹു നിന്റെ നിരപരാധിത്വം തെളിയിക്കും. നിന്നിൽനിന്ന് വല്ല ഇടർച്ചയുമുണ്ടായിട്ടുണ്ടെങ്കിൽ അല്ലാഹുവിനോട് ഇസ്തിഗ്ഫാർ (പാപപ്പൊറുതി) തേടുക. അവനോട് പശ്ചാത്തപിക്കുക. കാരണം ദാസൻ തന്റെ തെറ്റു ഏറ്റുപറഞ്ഞ് പശ്ചാത്തപിക്കുകയാണെങ്കിൽ അവൻ കാരുണ്യപൂർവം ദാസനിലേക്ക് തിരിയുന്നതാണ്. ഹദ്റത്ത് ആഇശറ പറയുന്നു: 'നബിﷺതിരുമേനി തന്റെ സംസാരം പൂർത്തിയാക്കിയപ്പോൾ എന്റെ കണ്ണീർവാർന്നു. ഈ കാര്യങ്ങളെല്ലാം കേട്ടു കഴിഞ്ഞപ്പോൾ പിന്നെ ഒരു തുള്ളിക്കണ്ണീരും വന്നില്ല. ഞാൻ എന്റെ പിതാവിനോടു, ഹദ്റത്ത് അബൂബക്റിനോട് നബിﷺതിരുമേനിയുടെ സവിധത്തിൽ എനിക്കുവേണ്ടി മറുപടി പറയാൻ പറഞ്ഞു, എന്റെ പിതാവ് പറഞ്ഞു: അല്ലാഹുവാണെസത്യം! ഞാൻ നബിﷺതിരുമേനിയോടു എന്തു പറയാനാണ്? എനിക്കൊന്നും അറിയില്ല, എന്താണ് മറുപടി പറയുക. പിന്നെ ഞാനെന്റെ ഉമ്മയോടു പറഞ്ഞു: 'നബിﷺതിരുമേനി ഇപ്പറഞ്ഞതിന് മറുപടി കൊടുത്താലും.' എന്റെ മാതാവ് പറഞ്ഞു: അല്ലാഹുവാണെ സത്യം! നബിﷺതിരുമേനിയോടു എന്ത് മറുപടി പറയണമെന്ന് എനിക്കറിയില്ല. അവരും അതുതന്നെ പറഞ്ഞു. അപ്പോൾപ്പിന്നെ ഞാൻ തന്നെ മറുപടി പറയാൻ തുടങ്ങി:

'എനിക്കു ചെറിയ പ്രായമായിരുന്നു, ഖുർആൻ കൂടുതൽ അറിയില്ലായിരുന്നു. ഞാൻ പറഞ്ഞു, അല്ലാഹുവാണെ സത്യം! നിങ്ങളെല്ലാവരും ഇക്കാര്യങ്ങളെല്ലാംകേട്ടുവെന്ന് എനിക്കറിയാം. അത് നിങ്ങളുടെ ഹൃദയത്തിൽ രൂഢമൂലമായിരിക്കുന്നു. നിങ്ങളുടെ ഹൃദയം അതെല്ലാം സത്യമാണെന്ന് കരുതുന്നു. ഇനി ഞാൻ നിരപരാധിയാണെന്ന് പറഞ്ഞാലും നിങ്ങളെന്നെ വിശ്വസിക്കുകയില്ല. ഞാൻ നിരപരാധിയാണെന്ന് അല്ലാഹുവിന്നറിയാം. ഞാനൊരിക്കലും അങ്ങനെ ചെയ്തിട്ടില്ല. ഇനി ഞാനെന്തെങ്കിലും സമ്മതിച്ചാൽ നിങ്ങളെന്നെ സത്യവതിയാണെന്ന് കരുതുമോ? അപ്പോൾ നിങ്ങൾ പറയും: ഇവൾ അപരാധിയാണ്. പശ്ചാത്തപിച്ച് കൊണ്ടിരിക്കുകയാണെന്ന്! ഞാൻ നിങ്ങൾക്കും എനിക്കും യൂസുഫിന്റെ പിതാവിന്റെ ഉദാഹരണമല്ലാതെ മറ്റൊന്നും കാണുന്നില്ല.' അതായത് യൂസുഫ് നബിﷺന്റെ പിതാവിന്റെ ഉപമ മാത്രമേ ഉള്ളൂ. അദ്ദേഹം പറഞ്ഞു: **ഫ സ്വബ്റുൻ ജമീൽ വല്ലാഹുൽമുസ്തആനു അലാ മാ തസ്വിഫൂൻ** (12:19) (അതിനാൽ ഭംഗിയായ ക്ഷമയാണ് എനിക്കുത്തമം. നിങ്ങൾ വിവരിക്കുന്നതിന്നെതിരെ സഹായം തേടപ്പെടേണ്ടവൻ അല്ലാഹു മാത്രം). അതായത് നല്ലപോലെ ക്ഷമിക്കുകയാണ് എനിക്കുചിതം. അവർ പറയുന്നതിൽ നിന്ന് അതിന്റെ നിജസ്ഥിതിക്കുവേണ്ടി അല്ലാഹുവിനോടു മാത്രമേ സഹായം ചോദിക്കാൻ കഴിയുകയുള്ളൂ. അവനോടു സഹായം ചോദിക്കപ്പെടുന്നതാണ്. ഹദ്റത്ത് ആഇശറപറയുന്നു: ഞാൻ ഇത്രയും പറഞ്ഞു തിരിഞ്ഞു കിടന്നു. എന്റെ കിടക്കയിലേക്ക് തിരിഞ്ഞുകിടന്നു. അപ്പോഴും ഞാൻ നിരപരാധിയാണെന്ന് അല്ലാഹുവിന് അറിയാമായിരുന്നു. അല്ലാഹു എന്റെ നിരപരാധിത്വം വെളിപ്പെടുത്താൻ പോവുകയാണ്. പക്ഷേ, അല്ലാഹു എന്നെ സംബന്ധിച്ച് വഹി ഇറക്കുമെന്നോ അത് പിന്നീട് പാരായണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുമെന്നോ ഞാൻ കരുതിയില്ല. അല്ലാഹു വഹി ഇറക്കാൻ മാത്രം എന്റെ സ്ഥാനമുണ്ടെന്നും ഞാൻ കരുതിയിട്ടില്ല. പക്ഷേ, നബിﷺതിരുമേനിക്ക് ഉറക്കത്തിൽ വല്ല സ്വപ്നമോ മറ്റോ മുഖേന എന്റെ നിരപരാധിത്വം വെളിപ്പെടുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. അല്ലാഹു എന്റെ നിരപരാധിത്വം നബിﷺതിരുമേനിയോടു പറയുമെന്നും കരുതി. അത് സംബന്ധിച്ച് ആയത്തിറങ്ങുമെന്ന് ഞാൻ കരുതിയതല്ല'. ഹദ്റത്ത് ആഇശറ പറയുന്നു: അല്ലാഹുവാണെ സത്യം, നബിﷺതിരുമേനി എഴുന്നേറ്റിട്ടുണ്ടായിരുന്നില്ല, വീട്ടുകാരാരും അവിടെനിന്ന് മാറിയിരുന്നുമില്ല. നബിﷺതിരുമേനിക്ക് വഹി ഇറങ്ങിത്തുടങ്ങി. അത്തരം ഘട്ടങ്ങളിൽ ഉണ്ടാകുന്നതുപോലുള്ള അവസ്ഥ നബിﷺതിരുമേനിക്കുണ്ടായി. നബിﷺതിരുമേനിയുടെ ദേഹത്തുനിന്ന് മുത്തുകൾ പോലെ വിയർ


• ഹദീഥുന്നബവ്വി(സ) •

"അദ്ദൂ സക്കാത്തക്കും."

നിങ്ങൾ നിങ്ങളുടെ സക്കാത്ത് കൊടുക്കുക.

ത്വാലിബെ ദുആ

C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബവ്വി(സ) •

"അർശിദൂ അഖാക്കും."

സ്വന്തം സഹോദരന് സന്മാർഗം ഉപദേശിക്കുക.

ത്വാലിബെ ദുആ

LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

പ്പുതുള്ളികൾ ഇറ്റാൻ തുടങ്ങി. അത് തണുപ്പ് കാലമായിരുന്നു. പക്ഷേ, നബിﷺതിരുമേനിക്ക് വഹി ഇറങ്ങിയപ്പോൾ അതിന്റെ സമ്മർദം കാരണം ശരീരത്തിൽ വിയർപ്പ് പൊടിയാൻ തുടങ്ങി.

ഇബ്നു ഹിശാമിൽ പറയുന്നു: ഹദ്റത്ത് ആഇശؓവിവരിക്കുന്നു: നബിﷺതിരുമേനിയെ ചാദുർ പുതപ്പിച്ചു. വിരിപ്പ് വിരിച്ചു. പരിശുദ്ധമായ ശിരസിനടിയിൽ തുകൽ കൊണ്ടുള്ള തലയിണവച്ചു. ഹദ്റത്ത് ആഇശؓപറയുന്നു: 'വഹി ഇറങ്ങുകയാണെന്ന് എനിക്ക് മനസ്സിലായി. എനിക്കൊരു പരിഭ്രമവും തോന്നിയില്ല. കാരണം ഞാൻ നിരപരാധിയാണെന്ന് എനിക്കറിയാമായിരുന്നു. അല്ലാഹു എന്റെനിരപരാധിത്വം വെളിപ്പെടുത്തുമെന്നും എന്നോടു അക്രമം കാണിക്കുകയില്ലെന്നും എനിക്കുറപ്പായിരുന്നു. എന്റെ മാതാപിതാക്കളുടെ അവസ്ഥയെ സംബന്ധിച്ച് പറയുകയാണെങ്കിൽ അല്ലാഹുവാണെസത്യം! ആരുടെ കൈയിലാണോ ആഇശയുടെ ജീവനിരിക്കുന്നത് അവനാണെ സത്യം! നബിﷺതിരുമേനിയുടെ അവസ്ഥ മാറിയിട്ടുണ്ടായിരുന്നില്ല. രണ്ടുപേരുടെയും ജീവൻ നഷ്ടപ്പെടുമോ എന്ന അവസ്ഥയാണ് എനിക്കു തോന്നിയത്. എന്റെ മാതാപിതാക്കൾ രണ്ടുപേരും ഏറെ ഭയപ്പെട്ടിരുന്നു. ജനങ്ങൾ പറഞ്ഞതനുസരിച്ച് അത് സത്യമായിരിക്കുമോ എന്നും അതേപോലെ തന്നെ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് വഹി ഉണ്ടാകുമോ എന്നും അവർ ഭയപ്പെട്ടു. പിന്നെ നബിﷺതിരുമേനിയുടെ ആ അവസ്ഥ മാറി. എഴുന്നേറ്റിരുന്ന് നെറ്റിയിൽനിന്ന് വിയർപ്പുതുള്ളികൾ തുടച്ചു നീക്കി. ഹദ്റത്ത് ആഇശؓ പറയുന്നു: നബിﷺതിരുമേനിയുടെ ആ അവസ്ഥ മാറിയപ്പോൾ അവിടന്ന് പുഞ്ചിരിച്ചു. നബിﷺ തിരുമേനി ആദ്യം പറഞ്ഞത് ഇങ്ങനെയാണ്: 'ആഇശാ! അല്ലാഹു നിന്റെനിരപരാധിത്വം വെളിപ്പെടുത്തിയിരിക്കുന്നു.' എന്റെ ഉമ്മ എന്നോടു പറഞ്ഞു: 'എഴുന്നേറ്റ് നബിﷺതിരുമേനിയുടെ അടുത്ത് പോകുക.' ഞാൻ പറഞ്ഞു: 'ഇല്ല, ഞാൻ പോകുന്നതല്ല. ഞാൻ പ്രതാപവാനായ അല്ലാഹുവിനെ അല്ലാതെ മറ്റാരെയും സ്തുതിക്കുന്നതല്ല. 'ഹദ്റത്ത് ആഇശؓപറയുന്നു: അല്ലാഹു ഇങ്ങനെ വഹി ഇറക്കി: **ഇന്നല്ലദീന ജാഊ ബിൽഇഫ്ക്കി** തീർച്ചയായും ഭയങ്കരമായൊരു നുണ ചമച്ചുണ്ടാക്കിയവർ, തുടർന്നു വരുന്ന 12 മുതൽ 21 വരെയുള്ള ആയത്തുകൾ സൂറത്തുന്നൂറിൽ വന്നതാണ്. അല്ലാഹു എന്റെ നിരപരാധിത്വം വെളിപ്പെടുത്തി. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്ؓമിസ്ത്വഹ് ബിൻ അഥാഥയ്ക്ക് അടുത്ത ബന്ധവും അദ്ദേഹത്തിന്റെ ദാരിദ്ര്യവും കാരണം ചെലവിന് കൊടുത്തുകൊണ്ടിരുന്നതാണ്. അദ്ദേഹവും ഈ ആരോപണം ഉന്നയിച്ചവരിൽപ്പെട്ടിരുന്നു, ഹദ്റത്ത് അബൂബക്ർ ؓപറഞ്ഞു; അല്ലാഹുവാണെ സത്യം, ഞാനിനി മിസ്ത്വഹിന് അയാൾ ആഇശയെ സംബന്ധിച്ച് പറഞ്ഞതുകൊണ്ട് ചെലവിനു കൊടുക്കുന്നതല്ല. അപ്പോൾ അല്ലാഹു ഇപ്രകാരം വഹിയിറക്കി. **വലാ യഅ്ത്തലി ഉലുൽഫള്ലി മിൻകും വസ്സഅത്തി........**(24:23) നിങ്ങളിൽ ശ്രേഷ്ഠതയും ഐശ്വര്യവുമുള്ളവർ അടുത്ത കുടുംബ ബന്ധുക്കൾക്കും അഗതികൾക്കും ദൈവമാർഗത്തിൽ സ്വദേശം വെടിഞ്ഞവർക്കും ഒന്നും നൽകുകയില്ലെന്ന് സത്യം ചെയ്യരുത്(24:23) **ഗഫൂറുർറഹീം** അവനേറെ പൊറുക്കുന്നവനും കരുണയുള്ളവനുമാകുന്നു എന്നു വരെയുള്ള ആയത്തുകളിറങ്ങി. അദ്ദേഹം ആദ്യം ചെലവിനു കൊടുക്കില്ലെന്ന് പറഞ്ഞു. പിന്നീട് ഈ ആയത്തുകളിറങ്ങിയപ്പോൾ പറഞ്ഞു: 'എന്തുകൊണ്ടില്ല? അല്ലാഹുവാണെ സത്യം! അല്ലാഹു എന്റെ തിന്മകൾ മറച്ചുവെക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. അങ്ങനെ അദ്ദേഹം മിസ്ത്വഹിനു വീണ്ടും ചെലവിന് കൊടുത്തു തുടങ്ങി. അദ്ദേഹം പറഞ്ഞു: 'ഞാനതിൽനിന്ന് ഒരിക്കലും പിന്മാറുന്നതല്ല.'

ഇതാണ് ഇഫ്ക് സംഭവത്തിന്റെ വിശദമായ കാര്യങ്ങൾ. ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇന്ന് വീണ്ടും ഞാൻ ദുആക്കുവേണ്ടി ഓർമപ്പെടുത്താനാഗ്രഹിക്കുകയാണ്. ബംഗ്ലാദേശിലെ അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യുക. അല്ലാഹു അവരുടെ അവസ്ഥകൾ എത്രയും പെട്ടെന്ന് നന്നാക്കി തീർക്കുമാറാകട്ടെ. പാക്കിസ്താനിലെ അഹ്മദികൾക്കു വേണ്ടിയും ദുആ ചെയ്യുക, അല്ലാഹു അവരുടെയും അവസ്ഥകൾ നന്നാക്കുമാറാകട്ടെ. ഫലസ്ത്വീനിലെ നിരപരാധികൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്കുമേൽ കരുണ ചൊരിയുമാറാകട്ടെ. മുസ്‌ലിം രാഷ്ട്രങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരുടെ നേതാക്കന്മാർക്ക് വിവേകം നൽകുമാറാകട്ടെ. സാധാരണക്കാരുടെ അവകാശങ്ങൾ നൽകാൻ കഴിയുമാറാകട്ടെ. ദ്രോഹം ചെയ്യാതിരിക്കട്ടെ. കാരണം അവരുടെ ദ്രോഹം നിമിത്തമാണ് ശത്രുക്കൾക്കും മുസ്‌ലിമീങ്ങൾക്കുമേൽ ദ്രോഹം ചെയ്യാൻ ധൈര്യമുണ്ടാകുന്നത്. ഇവർ സ്വയം അവകാശങ്ങൾ കൊടുക്കുന്നില്ല, അപ്പോൾപ്പിന്നെ നമ്മളോടെങ്ങനെയാണ് അവകാശങ്ങൾ ചോദിക്കുകയെന്നും അവർ ധരിക്കുന്നു. അല്ലാഹു മുസ്‌ലിം സമുദായത്തിന്മേൽ കരുണ ചൊരിയുമാറാകട്ടെ.(വിവർത്തനം:എച്ച്.ശംസുദ്ദീൻ കാവശ്ശേരി)

പേജ് 1 ൽ നിന്ന്

മക്കയിൽ കോളേജുകൾ സ്കൂളുകൾ തുടങ്ങിയവ തുറക്കുക. ഞാനെപ്പോഴും ഈ മറുപടിയാണ് അതിന് നല്കാറുള്ളത്; ചില ഘട്ടങ്ങളിൽ ജനതയുടെമേൽ ഇത്തരം ബലികൾ ചെയ്യേണ്ടിവരുന്ന ഘട്ടങ്ങളുമുണ്ടാകാറുണ്ട്. അത് നിഷ്ഫലമാണെന്ന് പ്രത്യക്ഷത്തിൽ കാണാറുണ്ട്. ആ ബലികൾക്കുള്ള പരിശീലനമെന്ന നിലയിലാണ് ഇസ്‌ലാം ഈ പരമ്പര തുടങ്ങിയത്. അത്തരം അവസരങ്ങളിൽ അവർക്ക് അതിലെയുക്തി മനസ്സിലായാലും ഇല്ലെങ്കിലും അവർ ബലികൾ നടത്തിക്കൊണ്ടേപോകുക. ഉദാഹരണത്തിന് ഏതെങ്കിലും രാജ്യത്ത് ഒരു മുസൽമാൻ മാത്രമുണ്ടാകുക. അവിടുത്തെ ഭരണകൂടം ഇസ്‌ലാമിനെ വിപാടനം ചെയ്യുക എന്നുദ്ദേശ്യത്തോടെ മതത്തിന്നെതിരിൽ എന്തെങ്കിലും അക്രമപരമായ കൽപ്പന പുറപ്പെടുവിച്ചാൽ അത്തരം അവസ്ഥയിൽ ഇസ്‌ലാമികാധ്യാപനമനുസരിച്ച്, ബലികൊണ്ടു ഒരു പ്രയോജനവുമില്ലെങ്കിൽ താനെന്തിന് ബലിയാകണമെന്ന് അയാൾ പറയുകയില്ല. പ്രത്യുത അയാൾ ക്ഷണത്തിൽ തന്നെ ബലിയാകുന്നതിനുവേണ്ടി സമർപിക്കുന്നതായിരിക്കും. എന്തുകൊണ്ടെന്നാൽ, തന്നെ അയാൾ ബലിക്കായി സമർപിക്കുന്നില്ലെങ്കിൽ മറ്റുള്ളവരുടെ മനസ്സുകളിൽ ഖുർബാനി ചെയ്യനുള്ള പ്രചോദനമുണ്ടാകുകയില്ല. അവൻ തൂക്കുമരത്തിൽ കയറാൻ സന്നദ്ധനാകുകയാണെങ്കിൽ രണ്ടാമതൊരുവനും തൂക്കുമരത്തിൽ കയറാൻ വരുന്നതായിരിക്കും. അങ്ങനെ രണ്ടാമത്തവൻ തൂക്കുമരത്തിൽ കയറിക്കഴിഞ്ഞാൽ മൂന്നാമതൊരുവനും വരുന്നതായിരിക്കും. ഇപ്രകാരം പടിപടിയായി ജനതയിൽ എത്തരത്തിലുള്ള ആവേശമുണ്ടാകുമെന്നാൽ, ഇസ്‌ലാമിന്റെ സംരക്ഷണത്തിനുവേണ്ടി അവർ ഉന്മത്തരായി എഴുന്നേറ്റു നിൽക്കുന്നതാണ്. അവിശ്വാസം പരാജയപ്പെടാനുള്ള നിർബന്ധിതവസ്ഥ അതുണ്ടാക്കുകയും ചെയ്യും. നബിﷺതിരുമേനി മക്കയിൽ വാദം പുറപ്പെടുവിച്ചപ്പോൾ ത്യാഗങ്ങൾവരിച്ച സ്വഹാബത്തിന്റെ പ്രവൃത്തി പ്രത്യക്ഷത്തിൽനോക്കിയാൽ എത്രമാത്രം നിരർഥവും നിഷ്ഫലവുമായാണ് കാണാൻകഴിയുന്നത്. എന്നാൽ, പിന്നീട് അതേ ത്യാഗങ്ങളുടെ ഫലമായി മക്ക ഫതഹായി. അറേബ്യമുഴുവനും ഇസ്‌ലാമിക പതാകയുടെ കീഴിൽ അണിനിരന്നു. സ്വഹാബത്ത് മക്കയിൽ ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരുനാൾ ഈ ത്യാഗങ്ങളുടെ ഫലമായി നബിﷺതിരുമേനിക്ക് മഹത്തായ പ്രതാപം ലഭിക്കാൻപോകുകയാണെന്ന് ഓർക്കാനേ കഴിയുമായിരുന്നില്ല. അക്കാലത്ത് ഏതേതെല്ലാം സ്ത്രീകളുടെ രഹസ്യസ്ഥാനത്ത് കുന്തംകൊണ്ട് കുത്തികുത്തി കൊലപ്പെടുത്തുകയും ഏതേതെല്ലാം പുരുഷന്മാരെ ഒട്ടകങ്ങളുടെ കാലുകളിൽകെട്ടി കഷണംകഷണമാക്കുകയും ചെയ്തുവോ ആ സ്ത്രീകളുടേയും പുരുഷന്മാരുടേയും ത്യാഗങ്ങൾ കണ്ട് ഓരോ വ്യക്തിയും മനസ്സിലാക്കിയിരുന്നത് അവർ വ്യർഥമായി തങ്ങളുടെ ആയുസ്സ് പാഴാക്കിക്കളയുന്നുവെന്നായിരുന്നു. അത്തരമാളുകളിൽ ഒരാളായിരുന്നു ഉഥ്മാൻ ബിൻ മള്ഊൻؓ. അറേബ്യയിലെ പ്രസിദ്ധ കവി ലബീദ് ഒരു മജ്‌ലിസിൽ തന്റെ കവിതകൾ കേൾപ്പിക്കുകയായിരുന്നു. അയാൾ പദ്യത്തിലെ ഒരു വരി ചൊല്ലി: **അലാ കുല്ലു ശയ്ഇൻ മാ ഖലല്ലാഹു ബാത്വിലു** കേൾക്കുവിൻ! അല്ലാഹുവിനു പുറമെയുള്ള സകല വസ്തുക്കളും നശിക്കുന്നതായിരിക്കും. ഉഥ്മാൻ ബിൻ മള്ഊൻؓ ഈ വരി കേട്ടപാടെ വളരെ ശക്തമായി പറഞ്ഞു: 'തികച്ചും ശരിതന്നെയാണ്. അല്ലാഹുവിനെ കൂടാതെയുള്ള എല്ലാ വസ്തുക്കളും യഥാർഥത്തിൽ നശിക്കുന്നതാണ്.' ഉഥ്മാൻ ബിൻ മള്ഊൻؓ അന്ന് ചെറിയ കുട്ടിയായിരുന്നു. അദ്ദേഹം സ്തുതിച്ചപ്പോൾ ലബീദ് കോപാകുലനായി. അയാൾ ആളുകളോടു പറഞ്ഞു: 'ഈ കുട്ടി എന്നെ അപമാനിച്ചിരിക്കുന്നു. എന്റെ പദ്യത്തിന് ഈ ചെക്കന്റെ സ്തുതിക്ക് ആശ്രിതനാണോ ഞാൻ?' അപ്പോൾ ചില

**• ഹദീഥുന്നബ്‌വി(സ) •**

**"ഇശ്ഫഊ തുഊജറൂ."**

**ശിപാർശ ചെയ്യുവിൻ, ശിപാർശക്കും പ്രതിഫലം കിട്ടുന്നതാണ്.**

ത്വാലിബെ ദുആ

**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വി(സ) •**

**"അസ്‌ലിം തസ്‌ലം."**

**നീ മുസ്‌ലിമാകുക.(എങ്കിൽ നീ എല്ലാ ദൂഷ്യത്തിൽനിന്നും തിന്മയിൽനിന്നും നഷ്ടത്തിൽനിന്നും) സുരക്ഷിതനാകുന്നതാണ്.**

ത്വാലിബെ ദുആ

**PROF.M.K.ABDUL KAREEM AND FAMILY**
KARULAI, MALAPPURAM

യാളുകൾ ഉഥ്മാൻ ബിൻ മള്ഊനെ رضي الله عنه അടിക്കാനെഴുന്നേറ്റു. പക്ഷേ, മറ്റു ചിലർ ഇടപ്പെട്ട് അക്കാര്യം പരിഹരിച്ചു. ഒന്നും പറയരുതെന്ന് അവനോടു പറഞ്ഞു. അതിനുശേഷം ലബീദ് ആ പദ്യത്തിന്റെ രണ്ടാമത്തെ വരി ചൊല്ലി: വ കുല്ലു നയീമിൻ ലാ മുഹലത്ത സാഇലു എല്ലാ നിഅ്മത്തും ഒരുനാൾ അവസാനിക്കുന്നതാണ്. അപ്പോൾ ഉഥ്മാൻ ബിൻ മള്ഊന് സഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം പറഞ്ഞു: 'സ്വർഗത്തിലെ നിഅ്മത്തുകളൊരിക്കലും അവസാനിക്കുന്നതല്ല.' ലബീദ് വീണ്ടും കോപാന്ധനായി. അയാൾ പറഞ്ഞു, 'ഈ മജ്‌ലിസിൽ എന്റെ കവിതകൾ കേൾപ്പിക്കാൻ ഞാൻ തയ്യാറല്ല.' അപ്പോൾ ആളുകളെഴുന്നേറ്റ് ഉഥ്മാൻ ബിൻ മള്ഊനിനെ رضي الله عنه മർദിക്കാൻ തുടങ്ങി. ഒരാൾ മുഷ്ടിച്ചുരുട്ടി അദ്ദേഹത്തിന്റെ മുഖത്തടിച്ചു. അദ്ദേഹത്തിന്റെ കണ്ണ് പുറത്തേക്കു തള്ളിവന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ ഒരു സ്നേഹിതനും സദസ്സിലിരിപ്പുണ്ടായിരുന്നു. ആദ്യം അയാൾ അദ്ദേഹത്തിന്റെ അഭയത്തിലായിരുന്നു. മറ്റു മുസ്‌ലിമീങ്ങൾക്ക് മർദനമേറ്റുകൊണ്ടിരിക്കുന്നതും അയാൾ സുഖമായി മക്കയിൽ ചുറ്റിക്കറങ്ങുന്നതും കണ്ടപ്പോൾ അദ്ദേഹം നേതാവിന്റെയടുക്കൽപ്പോയി ഞാൻ നിങ്ങളുടെ അഭയത്തിലിരിക്കാനാഗ്രഹിക്കുന്നില്ലെന്ന് പറഞ്ഞു. അങ്ങനെ ഉഥ്മാനിപ്പോൾ തന്റെ അഭയത്തിലല്ലെന്ന് അദ്ദേഹം വിളംബരം ചെയ്തു. എല്ലാവരുടേയും മുമ്പിൽവച്ച് അദ്ദേഹത്തെ സഹായിക്കാൻ അപ്പോൾ അയാൾക്ക് തന്റേടമുണ്ടായില്ല. പക്ഷേ, അദ്ദേഹത്തിന്റെ കണ്ണുപുറത്തേക്ക് തള്ളിയപ്പോൾ, ഏതുപോലെ ഒരു പാവപ്പെട്ടവന്റെ കുട്ടിയെ ഒരു സമ്പന്നന്റെ മകൻ അടിക്കുകയും തല്ലുകയും ദ്വേഷപ്പെടുകയും ചെയ്യുമ്പോൾ അതേപോലെ അയാൾക്ക് ആ അടിക്കുന്നവന്റെമേൽ ദ്വേഷപ്പെടാനാകുമായിരുന്നില്ല. അയാൾ ഉഥ്മാനോടുത്തന്നെ ദ്വേഷപ്പെട്ടു. പറഞ്ഞു: 'നീ എന്റെ അഭയത്തിൽനിന്ന് പോകരുതെന്ന് ഞാൻ നിന്നോടു പറഞ്ഞതല്ലേ? ഇപ്പോൾ അതിനെന്തു ഫലമാണുണ്ടായതെന്ന് നീ കണ്ടില്ലേ?' ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ رضي الله عنه മറുപടി പറഞ്ഞു: 'പിതൃസഹോദരാ! താങ്കളെന്നോടു ദ്വേഷപ്പെടുന്നത് എന്റെ ഒരു കണ്ണ് പുറത്തേക്ക് തള്ളിവന്നതുകൊണ്ടാണ്. പക്ഷേ, അല്ലാഹുവാണെസത്യം! എന്റെ രണ്ടാമത്തെ കണ്ണും അല്ലാഹുവിന്റെ വഴിയിൽ പുറത്തുവരുന്നതിന് തുടിച്ചുകൊണ്ടിരിക്കുകയാണ്.' ഇപ്പോൾ ഏതെങ്കിലും ബുദ്ധിമാന് അദ്ദേഹത്തിന്റെ കണ്ണ് തള്ളിപുറത്തുവന്നത് ദീനിനെന്തെങ്കിലും ഗുണം ചെയ്യുമെന്ന് ചിന്തിക്കാൻ കഴിയുമായിരുന്നോ? സംഭവമെന്താണെന്നാൽ, ആ നേരത്തുള്ള എല്ലാ ത്യാഗങ്ങളും തികച്ചും നിരർഥമാണെന്ന് കാണാമായിരുന്നു. പക്ഷേ, ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ ഒരു കണ്ണ് അല്ലാഹുവിന്റെ മാർഗത്തിൽ ബലിയാകുകയും അദ്ദേഹത്തിന്റെ രണ്ടാമത്തെ കണ്ണും അല്ലാഹുവിന്റെ മാർഗത്തിൽ ബലിയാകാൻ തുടിക്കുകയും ചെയ്തില്ലായിരുന്നെങ്കിൽ, സ്ത്രീകളുടെ രഹസ്യസ്ഥലങ്ങളിൽ കുന്തംകൊണ്ട് കുത്തികുത്തി അവരെ കൊന്നില്ലായിരുന്നെങ്കിൽ, ആദ്യകാലത്ത് മക്കയിലെ സ്വഹാബത്ത് തങ്ങളുടെ ജീവൻ ത്യജിച്ചില്ലായിരുന്നെങ്കിൽ, അല്ലെങ്കിൽ മുസ്‌ലിമീങ്ങൾക്ക് ബദ്റിലും ഉഹുദിലും സമർപിച്ച ത്യാഗങ്ങളൊരിക്കലും വരിക്കാൻ കഴിയുമായിരുന്നില്ല. അഹ്സാബ് യുദ്ധത്തിൽ സമർപിച്ച ത്യാഗങ്ങൾ സമർപിക്കാൻ സാധിക്കുമായിരുന്നില്ല. ആ ത്യാഗങ്ങളായിരുന്നു അവരുടെ മനസ്സിൽ ആവേശമുണ്ടാക്കിയത്. അവരിൽ ആത്മാർഥതയുണ്ടാക്കിയത്. അത് അവരെ ത്യാഗത്തിന്റെ മഹോന്നത സ്ഥാനത്തു കൊണ്ടുവന്നു നിറുത്തി. ഇതുപോലെ തന്നെ അവിടെ ആയിരക്കണക്കിന് ആടുകൾ അറുക്കപ്പെടുന്നുവെന്നതിൽ സംശയമൊന്നുമില്ല. അവയുടെ മാംസം പ്രത്യക്ഷത്തിൽ പാഴായിപ്പോകുകയാണ്. അത് തിന്നുന്നവരും ആരുമുണ്ടായിരുന്നില്ല. എന്നാൽ, ഇസ്‌ലാം എന്നിട്ടും ബലിയറുക്കാൻ കൽപ്പിക്കുന്നു. **ലക്കും ഫീ ഖയ്റുൻ** എന്ന് പറയുന്നു. നിങ്ങൾക്കതിൽ ഖയ്റും ബർക്കത്തും വെക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ഈ ബലിയുടെ പരമ്പര എന്നെന്നേക്കുമായി നിലനിറുത്തേണ്ടതാണ്. വിദൂരഭാവിയിൽ ഈ ത്യാഗങ്ങളുടെ ഫലം നോക്കിക്കാണേണ്ടതാണ്. വിഡ്ഢിയായ രാജാവിനെപ്പോലെയാകരുത്. അയാൾ സൈന്യത്തിന്റെ ചെലവ് അനാവശ്യമാണെന്ന് പറഞ്ഞ് അതില്ലാതാക്കി! സമയം വരുമ്പോൾ ഇറച്ചിവെട്ടുകാരൻ ആ ജോലി ചെയ്തുകൊള്ളുമെന്ന് കരുതി. എന്നാൽ, ഫലമുണ്ടായതോ? മുഴുവൻ രാജ്യവും അയാളുടെ കൈയിൽനിന്ന് പൊയ്പ്പോയി.' *(തഫ്സീറെ കബീർ വാള്യം 5, പേജ് 53, പ്രസാധനം 2010 ഖാദിയാൻ)*

പേജ് 12 ൽ നിന്ന്

നല്കിയിട്ടുള്ള നിർദേശങ്ങൾ എം.ടി.എ ഇന്റർനാഷണലിന്റെ ചെയർമാൻ സാഹിബ് ജർമൻകാർക്ക് അയച്ചോ ഇല്ലേ എന്നെനിക്കറിയില്ല. ഞാൻ എം.ടി.എ ജർമനിയുടെ പരിപാടികൾ കാണാറില്ല. എനിക്കത് മനസ്സിലാകാത്തതുകൊണ്ടാണ് കാണാത്തത്. അതുകൊണ്ട് ഇവിടുത്തെ ടീമിനുള്ള ഒന്നാമത്തെ കാര്യം നിങ്ങളെന്തു കാര്യം തയ്യാറാക്കുകയാണെങ്കിലും അതിന്റെ ലിസ്റ്റ് എനിക്കയച്ചു തരിക. ഇത് ഇന്ന പരിപാടിയാണെന്നും ഇതിന്റെ വിഷയം ഇന്നതാണെന്നും ഇതിന്റെ സ്ക്രിപ്റ്റ് ഇന്നതാണെന്നും ഇതിങ്ങനെ അവതരിപ്പിക്കുന്നതായിരിക്കുമെന്നും ഈ പരിപാടിയിൽ ഇന്ന ഇന്നയാളുകൾ പങ്കെടുക്കുന്നതായിരിക്കുമെന്നും അറിയിക്കുക. അതായത് കുട്ടുകളുണ്ടാകും സ്ത്രീകളുണ്ടാകും തുടങ്ങിയവ. ഹുദൂർ പറഞ്ഞു:ഇത് അവിടെ യൂ.കെയിലുമുള്ള നിർദേശമാണ്. അതായത് എം.ടി.എ ഇന്റർനാഷണലിൽ ദിവസവും വരുന്ന പ്രോഗ്രാം അല്ലെങ്കിൽ ഏതൊരു ഷെഡ്യൂളാണോ ഉണ്ടാക്കുന്നത് അത് എനിക്കും അയച്ചുതരുന്നു. അത് ഞാൻ നോക്കുന്നു. അതിൽ ജർമനിയുടെയും ഉണ്ടാകാറുണ്ട്. എന്നാൽ, അതിൽ വിശദീകരണമുണ്ടാകാറില്ല. അതുകൊണ്ട് കാര്യങ്ങൾ വ്യക്തമാകുന്നില്ല. ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു:സ്റ്റുഡിയോ ഇത്രയും സമ്പൂർണമായി തങ്ങളുടെ പരിപാടി തയ്യാറാക്കുന്നു. ഉദാഹരണത്തിന് ഇപ്പോൾ നിങ്ങൾ ചില ക്ലിപ്പുകൾ കണ്ടു. അതിനാൽ അടുത്ത മാസം നമ്മുടെ ഇന്ന ഇന്ന പരിപാടിയാണ്, അതു നാം ടെലിവൈസ് ചെയ്യാൻ വേണ്ടി എം.ടി.എ ഇന്റർനാഷണലിലേക്ക് അയക്കുന്നുവെന്നും ഈ പരിപാടിയാണ് നമ്മുടെ സ്റ്റുഡിയോയിൽനിന്ന് അവതരിപ്പിക്കുന്നതെന്നുമുള്ള റിപ്പോർട്ട് അയക്കേണ്ടതാണ്.

ഇവിടെ നിങ്ങളുടെ സ്റ്റുഡിയോയിൽനിന്ന് ഈ പരിപാടി സംപ്രേഷണം ചെയ്യാറുണ്ടോ? എന്ന് ഹുദൂർ അയ്യദഹുല്ലാഹ് ചോദിച്ചു. ഇതിനു മറുപടിയായി പറഞ്ഞു:ഇവിടുത്തെ സ്റ്റുഡിയോയിൽനിന്ന് റെക്കോർഡ് ചെയ്യുന്ന പരിപാടി എം.ടി.എ ഇന്റർനാഷണലിലേക്ക് അയക്കുകയാണ് ചെയ്യുന്നത്. ചിലത് തദ്ദേശ ചാനലിലും കാണിക്കുന്നു.

ഹുദൂർ പറഞ്ഞു: തദ്ദേശ ടെലിവിഷനിൽ കാണിക്കുന്ന പരിപാടിയെ കുറിച്ചും ആദ്യം പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇതിലേക്ക് എന്തെങ്കിലും നിർദേശമോ കൽപനയോ അഭിപ്രായമോ നലകാനുണ്ടെങ്കിൽ അതു നല്കുന്നതിനുവേണ്ടി ഈ പരിപാടികളെ കുറിച്ച് ഇങ്ങനെ തയ്യാറാക്കേണ്ടതാണ്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: എം.ടി.എ ഇന്റർനാഷണലിൽ ജർമനിക്ക് ദിവസവും ഒരു മണിക്കൂറാണ് നല്കുന്നതെന്ന് എനിക്കു തോന്നുന്നു. ഈ ഒരു മണിക്കൂറിൽ നിങ്ങളുടെ എല്ലാ പരിപാടിളും അവതരിപ്പിക്കാൻ സാധിക്കുകയില്ല. നിങ്ങളിപ്പോൾ കാണിച്ച ക്ലിപ്പുകളിൽ എത്ര പരിപാടികളാണ് എം.ടി.എയിൽ കാണിച്ചത്? ഇതിൽ ചിലതുമാത്രമെ കാണിച്ചിട്ടുള്ളവെന്ന് ഹുദൂർത്തന്നെ മറുപടിയായി പറഞ്ഞു.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: രണ്ടാമത്തെ കാര്യം സ്ത്രീകളുടെ പരിപാടികൾ ചെയ്യുമ്പോൾ അതിൽ എന്റെ വ്യക്തമായ നിർദേശമുള്ളത് ക്ലോസ്സപ്പിൽ കാണിക്കാൻ പാടില്ല എന്നതാണ്. ഇക്കാര്യം താങ്കളുടെ ഫോട്ടോ ഗ്രാഫർക്ക് നിർദേശം നല്കേണ്ടതാണ്. എന്നാൽ, ഒന്നു രണ്ടു സ്ഥലത്ത് അങ്ങനെ വന്നിട്ടുമുണ്ട്. ഞാൻ പറയുന്നത് അഹ്മദി സ്ത്രീകളെ കുറിച്ചാണ്. എന്തുകൊണ്ടെന്നാൽ അഹ്മദി സ്ത്രീകളെക്കുറിച്ച് പറയുകയാണെങ്കിൽ അവരെപ്പോഴും പർദയിലായിരിക്കണം. സ്ത്രീകൾക്കും കുട്ടികൾക്കുവേണ്ടി റെക്കാർഡ്ചെയ്യുന്ന പരിപാടികളിൽ പരിപാടി നടക്കുകയാണെന്ന് മനസ്സിലാകുന്ന വിധത്തിൽ അകലമുണ്ടായിരിക്കേണ്ടതാണ്. എന്നാൽ, ആരാണെന്ന് വ്യക്തമാകുംവിധം ക്ലോസപ്പിലെടുക്കാൻ പാടില്ല.


• ഹദീഥുന്നബ്‌വി(സ) •

"അക്‌രിമുശ്ശഅ്റ."
മുടിയെ ബഹുമാനിക്കുക.
അതായത് വൃത്തിയാക്കിയും ചീകിയൊതുക്കിയും വെക്കുക. താടിയും മീശയും വന്നുതുടങ്ങിയവരോടു കുട്ടികളെപ്പോലെ പെരുമാറരുത്. നരച്ച മുടിയുള്ള ആളെ അയാളുടെ ആ നര കാരണത്താൽ ആദരിക്കുക.

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM



• ഹദീഥുന്നബ്‌വി(സ) •

"അഅ്‌ലിനുന്നിക്കാഹ."
നികാഹ് വിളംബരപ്പെടുത്തുവിൻ.
(അതായത് ഒരുതരത്തിലുള്ള രഹസ്യവിവാഹവും അനുവദനീയമല്ല)

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

നിങ്ങൾ കണ്ടിട്ടുണ്ടാകും യു.കെ.യിലും ഇത്തരത്തിലുള്ള പരിപാടികൾ വന്നിരുന്നു. വയസ്സായ സ്ത്രീകൾ പങ്കെടുക്കുന്ന പരിപാടികളോ അല്ലാഹു പർദയിൽ ഇളവുനല്കിയിട്ടുള്ള സ്ത്രീകൾ പങ്കെടുക്കുന്ന പരിപാടിയല്ലാതെ മറ്റൊരു പരിപാടിയിലും അനുവാദമില്ലെന്നും വെറും പെൺകുട്ടികൾ പങ്കെടുക്കുന്ന പരിപാടിയാണെങ്കിൽ അവരിൽ കൂടുതൽ ഫോട്ടോ ക്ലോസ്സപ് ചെയ്യാൻ പാടില്ലെന്നും അവരോടു പറഞ്ഞിരുന്നു. ഫോട്ടോ ഗ്രാഫർ ക്യാമറയിൽ പിടിക്കുമ്പോഴും

അല്ലെങ്കിൽ ഫിലിമിംഗ് ചെയ്തുകൊണ്ടിരിക്കുമ്പോഴും ഇക്കാര്യങ്ങൾ അവർ ശ്രദ്ധിക്കേണ്ടതാണ്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: തയ്യാറാക്കുന്ന പരിപാടികൾ സംപ്രേഷണം ചെയ്യേണ്ടതാണ്. നിങ്ങൾ കാണിച്ച ക്ലിപ്പുകളിലെ പരിപാടികൾ നല്ലതും നിലവാരമുള്ളതുമാണ്. ഈ പരിപാടികൾ എം.ടി.എ ഇന്റർനാഷണലിൽ എപ്പോഴെങ്കിലും വന്നതായി ഞാൻ കണ്ടിട്ടില്ല. വന്നിട്ടിലെങ്കിൽ അത് നല്ലതും നിലവാരം പുലർത്തുന്നതുമാണെന്നും നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ, ഇവിടെയുള്ള അഹ്മദികളും അതു കാണുന്നതിന് താങ്കൾ എം.ടി.എ ഇന്റർനാഷണലിനെ വീണ്ടും ഓർമപ്പെടുത്തുക. ഇന്ന ഇന്ന പരിപാടികൾ സംപ്രേഷണം ചെയ്യുന്നതാണെന്ന് അനൗൺസ്മെന്റുണ്ടാകേണ്ടതാണ്. ഒരു മണിക്കൂർ ജർമൻ പരിപാടിയുടെ സമയമാണ് ഇന്ന ഇന്ന സമയത്ത് ഇന്ന പരിപാടി സംപ്രേഷണം ചെയ്യുന്നതാണെന്ന് പരസ്യം നൽകേണ്ടതാണ്. ഇവിടെ ജർമനിയിൽ വസിക്കുന്നവരും ജർമൻഭാഷ അറിയുന്ന യൂറോപ്പിലെ പല രാജ്യങ്ങളിലും താമസിക്കുന്ന ആളുകളും ഇന്ന സമയത്ത് ഈ പ്രോഗ്രാം വരുന്നുണ്ടെന്ന കാര്യം അറിയുന്നില്ല. യഥാർഥത്തിൽ ചില നിലവിലുള്ള പരിപാടികളുണ്ട്. അത് അത്യാവശ്യവുമാണ്. അതുകൊണ്ട് എല്ലാ അഹ്മദികളുടെ അറിവിലും ഈ പരിപാടി വരേണ്ടതാണ്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഖുത്ബകൾ അല്ലെങ്കിൽ കേന്ദ്ര പരിപാടികൾ ഇവയെ ഏതുവരെ ജർമാൻ പരിപാടിയിൽ ഉൾപ്പെടുത്തണം അതുപോലെ അത് തർജമചെയ്തു കാണിക്കണം എന്നീ കാര്യങ്ങളും നോക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധാരാളം പരിപാടികളുണ്ടാക്കുന്നുണ്ട്. എന്നാൽ, ആ പരിപാടികൾ കാണുന്നില്ലെന്നതാണ് എന്റെ നിഗമനം. അതിനുള്ള കാരണം ശരിയായ നലയിൽ അതിന്റെ അനൗൺസമെന്റ് നടക്കുന്നില്ലെന്നതാണ്. മുൻകൂട്ടി പരസ്യപ്പെടുത്തുന്നില്ല. ഒരാഴ്ചയിലോ പത്തുദിവസത്തിനുശേഷമോ പരിപാടി വരുകയാണെങ്കിൽ ഇന്ന സമത്ത് ഇന്ന ജർമൻപരിപാടിയുണ്ടാകും അത് ഇന്ന പ്രായപരിധിയിൽപ്പെട്ടവരുമായി ബന്ധപ്പെട്ടതാണ് എന്ന് നിരന്തരം പരസ്യം നല്കിക്കൊണ്ടിരിക്കേണ്ടതാണ്.

കുട്ടികളുടെ പരിപാടിയുടെ ഭാഗമായി ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: നിങ്ങൾക്ക് എം.ടി.എ ഇന്റർനാഷണലുമായി നല്ല കോഡിനേഷനുണ്ടാവേണ്ടതാണ്. ഇന്ന ദിവസം ഇന്ന പരിപാടി വരുന്നതാണെന്ന് കുട്ടികൾ അറിയുന്നതിനുവേണ്ടി കുട്ടികളുടെ പരിപാടി ഇന്നദിവസം ഉണ്ടെന്നുള്ള അറിവ് നിങ്ങൾക്കുണ്ടാവേണ്ടതാണ്. ഈ കോഡിനേഷൻ ഇല്ലെങ്കിൽ പിന്നെ എന്റെ അറിവിൽ വരേണ്ടതാണ്. തോന്നിയപോലെ പരിപാടികൾ കാണിക്കാമെന്നത് ശരിയല്ല. എം.ടി.എ ഇന്റർനാഷണൽ ഷഡ്യൂളിൽ വന്നാൽ അല്ലെങ്കിൽ ഏതെങ്കിലുമൊരു ദിവസം വേറൊരു പരിപാടിയുമില്ല അതുകൊണ്ട് ഇതു കാണിക്കാം എന്നു വിചാരിക്കുന്നതും ശരിയല്ല. പ്രത്യുത വ്യവസ്ഥാപിതമായ ഒരു പദ്ധതിയുണ്ടാവേണ്ടതാണ്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: തങ്ങളെ എം.ടി.എ ഇന്റർനാഷണലിന്റെ കുട്ടിയാണെന്ന് മനസ്സിലാക്കി അവരോടു സഹരിക്കുക, അല്ലെങ്കിൽ സഹാദരനാണെന്ന് മനസ്സിലാക്കി അവരോടു സഹകരിച്ച് പ്രവർത്തിക്കുക. ഏതുവരെ സഹകരണമുണ്ടാകുന്നില്ലയോ ഈ പരിപാടിക്ക് ഒരു പ്രയോജനവമുണ്ടാകുകയില്ല. അതായത് ഈ പരിപാടികൾ ഫലപ്രദമാകേണ്ട രീതിയിൽ ഫലപ്രദമാകുകയില്ല. ശനിയാഴ്ച ദിവസം ജർമൻ സമയമനുസരിച്ച് ഇന്ന പരിപാടിയായിരിക്കും സംപ്രേഷണം ചെയ്യുക. ഞായറാഴ്ച ദിവസം ഇന്ന പരിപാടിയായിരിക്കും, തിങ്കളാഴ്ച ദിവസം ഇന്ന പരിപാടിയായിരിക്കും ചൊവ്വാഴ്ച ദിവസം ഇന്ന പരിപാടിയായിരിക്കുമെന്ന പ്ലാനുണ്ടായിരിക്കേണ്ടതാണ്. ഇപ്രകാരം ഓരോ വ്യക്തിക്കും തങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ച് കാണാൻ സാധിക്കുന്നതാണ്. ഇതനുസരിച്ച് നിങ്ങൾക്ക് ഷഡ്യൂൽ ചെയ്യാൻ സാധിക്കും. പരിപാടികൾ ഫലപ്രദമാക്കാൻ കഴിയും. ഇല്ലെങ്കിൽ അതിനൊരു പ്രയോജനവുമുണ്ടാകുകയില്ല.

WWW.MTA.TV
Reaching The Corners Of The Earth

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
https://akhbarbadr.in/Malayalam
The Weekly BADR Qadian (Malayalam)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ ജർമൻ പര്യടനം

**വിവ: മൗലവി അമീൻ മുഹമ്മദു മാത്ര**

*വാള്യം 9 ലക്കം 37 പേജ് 8 കോളം 2 – ൽനിന്നു തുടർച്ച:.............*

**2014 ജൂൺ 14 ശനിയാഴ്ച:**

ഹുദൂർ അൻവറിന്റെ ഈ പ്രസംഗം അതിഥികളിൽ അഗാധമായ സ്വാധീനമാണ് ചെലുത്തിയത്. ധാരാളം അതിഥികൾ പരസ്യമായി ഇക്കാര്യം പ്രകടിപ്പിക്കുകയും ചെയ്തു. അവർ പറഞ്ഞു: ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം ഞങ്ങളുടെ ഹൃദയം മാറ്റിമറിച്ചു. ആ അതിഥികളുടെ കുറച്ചു പ്രതികരണങ്ങൾ താഴെ രേഖപ്പെടുത്തുകയാണ്.

* ഒരു അതിഥി ഹുസയ്ൻ സാഹിബ് പറഞ്ഞു:

എനിക്ക് ഹുദൂർ അൻവറിന്റെ പ്രഭാഷണം വളരെ നല്ലതായി അനുഭവപ്പെട്ടു. ധാരാളം കാര്യങ്ങളിൽ വിശ്വാസമില്ലെങ്കിലും എനിക്കത് ശരിക്കും പിടിച്ചു. ജൽസയുടെ അന്തരീക്ഷം വിസ്മയാ വഹമായിരുന്നു. ഹുദൂറിന്റെ വ്യക്തിത്വം എന്നെ ആകർഷിച്ചു. തന്റെ ജമാഅത്തിലെ ആളുകളെ എങ്ങനെ ശ്രദ്ധിക്കണമെന്ന് ഹുദൂറിന് നല്ലവണ്ണം അറിയാം. ജമാഅത്തിലെ ആളുകളിൽ ഹുദൂറിനെ സ്നേഹിക്കാനും അനുസരിക്കാനും എത്രമാത്രം ആവേശമാണുള്ളതെന്ന് കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി.

ഒരു അതിഥി ഡാൻ സാഹിബ് പറഞ്ഞു:ഹുദൂറിന്റെ പ്രഭാഷണം ഹൃദ്യമായിരുന്നു. ഹുദൂർ നല്കിയ സമാധാന സന്ദേശം ആഗോള ചിന്താശക്തിക്ക് വളരെ അനിവാര്യമാണ്. പ്രഭാഷണത്തിൽനിന്ന് ഞാനെടുത്ത കാര്യം ഇതാണ്: മനുഷ്യർ കൂടിച്ചേർന്ന് കഴിയേണ്ടതാണ്. പരസ്പരം ആദരിക്കേണ്ടതാണ്. ഹുദൂർ പറഞ്ഞു: വിവിധ മതങ്ങളിലും ജാതിയിലുംപെട്ട ആളുകൾക്ക് എങ്ങനെ സംഘടിക്കാമെന്നും ഹുദൂർ പറഞ്ഞു. ഇക്കാര്യത്തെ ഞാൻ വിലമതിക്കുന്നു. ഹുദൂറിന്റെ വിവരണരീതി എന്നെ വല്ലാതെ ആകർഷിച്ചിരിക്കുന്നു. (തുടരും)

• ഹദീഥുന്നബ്വി(സ) •

"അർഹാമുക്കും അർഹാമുക്കും."
നിങ്ങളുടെ രക്തബന്ധുക്കൾത്തന്നെയാണ്
നിങ്ങളുടെ കുടുംബക്കാർ.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്വി(സ) •

"അത്വിഅ് അബാക്ക."
നിന്റെ പിതാവിനെ അനുസരിക്കുക.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

ലേഖനം

# മുഹമ്മദുനബിﷺ കാരുണ്യത്തിന്റെ പ്രവാചകൻ

മൻസ്വൂർ അഹ്മദ് മസ്റൂർ, പത്രാധിപർ ബദ്ർ ഉർദു

സ്വന്തം ജീവനെക്കാളും സ്വന്തം മാതാപിതാക്കളുടെ ജീവനെക്കാളും കൂടുതൽ സ്നേഹമായിരുന്നു നബിﷺതിരുമേനിയോടു ആദരണീയരായ സ്വഹാബഃവെച്ചു പുലർത്തിയിരുന്നത്. എപ്പോഴും ആ ദിവ്യാത്മാവിനുവേണ്ടി മരിക്കാൻ അവർ തയ്യാറായിരുന്നു. അല്ലാഹുവിനെക്കാളും അവന്റെ റസൂലിനെക്കാളും കൂടുതൽ പ്രിയപ്പെട്ടതായി അവർക്കൊന്നുംതന്നെയില്ലായിരുന്നു. തൽഫലമായി നബിﷺതിരുമേനിയും തന്റെ സ്വഹാബത്തിനോടു അതിരറ്റ സ്നേഹത്തോടും വാത്സല്യത്തോടും സഹതാപത്തോടുംകൂടി പെരുമാറിയിരുന്നു. എല്ലാ രീതിയിലും അവരെ സന്തോഷിപ്പിച്ചിരുന്നു. സാമ്പത്തികമായി സഹായിച്ചിരുന്നു. ആർക്കെങ്കിലും കടം വീട്ടാനുണ്ടെങ്കിൽ അത് കൊടുത്ത് വീട്ടിയിരുന്നു. നബിﷺതിരുമേനി തന്റെ സ്വഹാബത്തിനോടു കാണിച്ച സൽപെരുമാറ്റത്തിന്റെ ചില സംഭവങ്ങൾ താഴെ സമർപിക്കുകയാണ്.

നബിﷺതിരുമേനിയുടെ ആത്മാർഥനായ ഒരു സ്വഹാബിയായിരുന്നു ഹദ്റത്ത് ജാബിർഃ.അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ഹറാം എന്നായിരുന്നു. ഹദ്റത്ത് ജാബിറിന്റെ പിതാവ് അബ്ദുല്ലാഹ് ഉഹുദ് യുദ്ധത്തിൽ ശഹീദായിരുന്നു. ഉഹുദു യുദ്ധത്തിൽ നബിﷺതിരുമേനിക്ക് ജീവാർപണം ചെയ്ത തന്റെ 70 സ്വഹാബത്തിന്റെ ദുഃഖം സഹിക്കേണ്ടിവന്നു. ഇവരിൽ നബിയുടെ പ്രിയപ്പെട്ട പിതൃവ്യൻ ഹദ്റത്ത് ഹംസത്ത് എന്നിവരുമുണ്ടായിരുന്നു. ഹദീഥിൽ വന്നിരിക്കുന്നു, ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് നിവേദനം. ഒരു ദിവസം നബിﷺതിരുമേനി എന്നെ കണ്ടുമുട്ടി. അവിടന്ന് എന്നോടു ചോദിച്ചു: 'ജാബിർ നീ ഇന്ന് അസ്വസ്ഥനായി കാണപ്പെടുന്നതെന്താണ്?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ!എന്റെ പിതാവ് ശഹീദായിരിക്കുന്നു. അദ്ദേഹത്തിന് ഒരുപാട് കടവും ചെറിയ ചെറിയ കുട്ടികളുമുണ്ട്.' നബിﷺതിരുമേനി ചോദിച്ചു: 'നിന്റെ പിതാവ് എങ്ങനെയാണ് അല്ലാഹുവിനെ കണ്ടുമുട്ടിയതെന്ന സന്തോഷവാർത്ത ഞാൻ നിന്നെ കേൾപ്പിക്കട്ടെ.' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ തീർച്ചയായും കേൾപ്പിച്ചാലും.' നബിﷺതിരുമേനി പറഞ്ഞു: 'അല്ലാഹു ആരോടു സംസാരിക്കുമ്പോഴും മറയോടുകൂടിയാണ് സംസാരിക്കാറുള്ളത്. എന്നാൽ, നിന്റെ പിതാവിനെ ജീവിപ്പിക്കുകയും അദ്ദേഹത്തോടു മുഖാമുഖം സംസാരിക്കുകയും ചെയ്തു. അല്ലാഹു പറഞ്ഞു: 'എന്റെ പ്രിയ ദാസാ!എന്നോടു എന്തു വേണമെങ്കിലും ചോദിച്ചുകൊള്ളുക. ഞാൻ നിനക്കത് നല്കാം.' അപ്പോൾ നിന്റെ പിതാവ് പറഞ്ഞു: 'എന്റെ നാഥാ! നീ എന്നെ വീണ്ടും ഭൂമിലോകത്തേക്ക് അയക്കണമെന്നും അവിടെവെച്ച് വീണ്ടും ശഹീദാകണമെന്നുമാണ് ഞാനാഗ്രഹിക്കുന്നത്.' അല്ലാഹു പറഞ്ഞു: 'അതു സാധ്യമല്ല. കാരണം മരിച്ചവരെ വീണ്ടും ദുൻയാവിലേക്ക് തിരിച്ചയക്കരുതെന്ന് ഞാൻ നിയമമുണ്ടാക്കിയിരിക്കുന്നു.' *(തിർമിദി, അബ്വാബുത്തഫ്സീർ, തഫ്സീർ സൂറത്ത് ആലുഇംറാൻ, ഹദീഖത്തുസ്സാലിഹീൻ, ഗ്രന്ഥ കർത്താ സയ്ഫുർറഹ്മാൻ സാഹിബ് ഹദീഥ് നമ്പർ 320)*

ഹദ്റത്ത് ജാബിറിനോടു: 'ഇന്ന യഹൂദിയിൽ നിന്നു വാങ്ങിയ എന്റെ കടം എന്റെ ശഹാദത്തിനുശേഷം തോട്ടത്തിലെ വിള വിറ്റു വീട്ടണമെന്ന് അദ്ദേഹത്തിന്റെ പിതാവ് പറഞ്ഞിരുന്നു. ഹദ്റത്ത് ജാബിർഃതന്റെ പിതാവിന്റെ വസിയത്തനുസരിച്ച് യഹൂദിയുടെ കടം വീട്ടി.*(ഖുത്ബ ജുമുഅ ഹുദൂർ, 30-3-2018)*

അക്കാലഘട്ടത്തിൽ തോട്ടങ്ങളും ധാന്യങ്ങളും വെച്ച് കടം വാങ്ങുന്ന സമ്പ്രദായമുണ്ടായിരുന്നു. ഹദ്റത്ത് ജാബിറും തന്റെ ചെലവ് നിറവേറ്റുന്നതിന് കടം വാങ്ങാറുണ്ടായിരുന്നു. എങ്ങനെയാണ് അവിടന്ന് കടം തിരിച്ചുകൊടുക്കേണ്ട നേരത്ത് യഹൂദിയോടു സംസാരിച്ചതെന്നും മറ്റുമുള്ള അതിന്റെ വിശദമായ ഒരു സംഭവവിവരണം ലഭിക്കുന്നുണ്ട്. തോട്ടത്തിലെ ഫലം കുറവായതുകൊണ്ട് വരുമാനം കുറവായിരുന്നു. അതിനാൽ കടം വീട്ടാൻ അല്പം സൗകര്യം ചെയ്തുതരണമെന്നും ഇപ്പോൾ കുറച്ചു തരാമെന്നും ബാക്കി അടുത്ത വർഷം വാങ്ങിക്കൊള്ളുകയെന്നും അദ്ദേഹം യഹൂദിയോടു പറഞ്ഞു, പക്ഷേ, ആ യഹൂദി ഒന്നിനും തയ്യാറല്ലായിരുന്നു. ഈ പ്രതിസന്ധിഘട്ടത്തിൽ ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലഃ വീണ്ടും നബിﷺതിരുമേനിയുടെ അടുക്കൽ ഹാജരാകുകയോ അല്ലെങ്കിൽ നബിﷺതിരുമേനിക്ക് ഇക്കാര്യം അറിയാൻ കഴിയുകയോ ചെയ്തു. നബിﷺയഹൂദിയോട് ശിപാർശ ചെയ്തെങ്കിലും അയാൾ അംഗീകരിച്ചില്ല. പിന്നീട് നബിﷺതിരുമേനി എങ്ങനെയാണ് തന്റെ സ്വഹാബിയുടെ കടം വീട്ടുന്നതിനുവേണ്ടി അനുകമ്പയോടെ പെരുമാറിയത്, പ്രാർഥിച്ചത്. എങ്ങനെയാണ് പിന്നീട് അല്ലാഹു അനുഗ്രഹം ചെയ്തത്. അതിനെ സംബന്ധിച്ച് നിവേദനങ്ങളിൽനിന്ന് വിവരം കിട്ടുന്നുണ്ട്.

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്ഃനിവേദനം. മദീനയിൽ ഒരു യഹൂദി ഉണ്ടായിരുന്നു. എന്റെ ഈന്തപ്പനത്തോട്ടത്തിൽ പുതിയ ഫലം വിളയുന്നതുവരെ എനിക്ക് അയാൾ കടം തരാറുണ്ടായിരുന്നു. എന്റെ ഈ കൃഷിസ്ഥലം റോമ എന്നുപേരുള്ള കിണർ നിലകൊള്ളുന്ന വഴിയിലാണുണ്ടായിരുന്നത്. ഒരു തവണ വർഷം കഴിഞ്ഞുപോയി. എന്നാൽ, ഫലസമ്പത്ത് കുറവായിരുന്നു. പൂർണമായും വിളഞ്ഞിട്ടുമില്ലായിരുന്നു. വിളവെടുക്കുന്ന കാലമായപ്പോൾ ആ യഹൂദി പതിവനുസരിച്ച് തന്നിൽനിന്ന് കടംവാങ്ങിയ തുക ചോദിക്കാൻ വന്നു. ഞാനാണെങ്കിൽ ആ വർഷം വിളവൊന്നും അറുത്തിരുന്നില്ല. ഞാൻ അയാളോടു ഒരു വർഷംകൂടി നീട്ടിത്തരണമെന്ന് പറഞ്ഞു. പക്ഷേ, അയാൾ നിഷേധിച്ചു. അങ്ങനെ ഈ മുഴുവൻ തോട്ടവും തന്റെ കൈയിൽവരുമെന്ന ഉദ്ദേശ്യമായിരിക്കാം അയാൾക്കുണ്ടായിരുന്നത്. ഈ വിവരം നബിﷺതിരുമേനി അറിഞ്ഞു. അപ്പോൾ അവിടന്ന് സ്വഹാബത്തിനോടു പറഞ്ഞു: 'വരിക!നമുക്ക് യഹൂദിയോടു ജാബിറിനു കാലാവധി നീട്ടികൊടുക്കാൻ പറയാം.' നബിﷺതിരുമേനി, കുറച്ചു സ്വഹാബത്തിനോടൊപ്പം എന്റെ കൃഷിത്തോട്ടത്തിൽവന്നു. യഹൂദിയോടു സംസാരിച്ചു. പക്ഷേ, യഹൂദി പറഞ്ഞു: 'അബുൽ ഖാസിമേ! ഞാൻ അയാൾക്ക് കാലാവധി നീട്ടികൊടുക്കുകയില്ല.' യഹൂദിയുടെ ഈ പെരുമാറ്റംകണ്ട് നബിﷺതിരുമേനി ഈന്തപ്പനകൾക്കിടയിൽ ചുറ്റി നടന്ന് ഫലസമൃദ്ധിക്കായി പ്രാർഥിച്ചു. പിന്നീട് വന്ന് യഹൂദിയോടു സംസാരിച്ചു. പക്ഷേ, അയാൾ വീണ്ടും നിഷേധിച്ചു. ജാബിർഃപറയുന്നു:ഇതിന്നിടയിൽ ഞാൻ കൃഷിത്തോട്ടത്തിൽനിന്ന് കുറച്ച് ഈന്തപ്പഴം അറുത്ത് നബിﷺതിരുമേനിക്ക് നല്കി. അത് അവിടന്ന് ഭക്ഷിച്ചു. എന്നിട്ട് പറഞ്ഞു: 'ജാബിർ, താങ്കളുടെ തോട്ടത്തിൽ കുടിലുണ്ടല്ലോ, അതെവിടെയാണ്?' ഞാൻ അത് പറഞ്ഞുകൊടുത്തപ്പോൾ അവിടന്ന് പറഞ്ഞു: 'അവിടെ പായ വിരിക്കുക. ഞാൻ അല്പം വിശ്രമിക്കട്ടെ.' അദ്ദേഹം പറയുന്നു: ഞാൻ നബിﷺതിരുമേനി പറഞ്ഞതുപോലെ ചെയ്തു. അവിടന്ന് അവിടെ ഉറങ്ങി. ഉണർന്നപ്പോൾ ഞാൻ ഒരുപിടി ഈത്തപ്പഴം കൊണ്ടുവന്നു. അതിൽനിന്ന് അവിടന്ന് കുറച്ചു തിന്നു. എന്നിട്ട് എഴുന്നേറ്റുനിന്നു. യഹൂദിയുമായി വീണ്ടും സംസാരിച്ചെങ്കിലും അയാൾ അത് സമ്മതിച്ചില്ല. അവിടന്ന് വീണ്ടും ഈത്തപ്പനകൾക്കിടയിൽ ചുറ്റി നടന്നു. എന്നോടു പറഞ്ഞു, 'ജാബിർ ഈത്തപ്പനക്കുലകൾ അറുത്തിടാൻ തുടങ്ങുക. യഹൂദിയുടെ കടം വീട്ടുക.' ഞാൻ ഈത്തപ്പഴം അറുത്തിടാൻ തുടങ്ങി. ആ നേരത്ത് അവിടന്ന് ഈത്തപ്പനകൾക്കിടയിൽ നില്ക്കുകയായിരുന്നു. ജാബിർഃപറയുന്നു: ഞാൻ ഈത്തപ്പനക്കുലകൾ അറുത്ത് യഹൂദിയുടെ കടം മുഴുവൻവീട്ടി. കുറച്ചു ഈത്തപ്പഴം ബാക്കിയായി. ഞാൻ നബിﷺതിരുമേനിയോടു ഈ സന്തോഷവാർത്ത പറഞ്ഞപ്പോൾ അവിടന്ന് അരുൾചെയ്തു: 'ഞാൻ അല്ലാഹുവിന്റെ റസൂലാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.' *(സ്വഹീഹുൽ ബുഖാരി കിതാബുൽ അത്അമ ഹദീഥ് 5443). (ഖുത്ബ ജുമുഅ 30-3-2018, ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്)*

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലായോടു നബിﷺതിരുമേനിക്കുണ്ടായിരുന്ന സ്നേഹത്തിന്റേയും വാത്സല്യത്തിന്റേയും സഹതാപത്തിന്റേയും മറ്റൊരു സംഭവമുണ്ട്.

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്ഃനിവേദനം: നബിﷺതിരുമേനിയുടെ കൂടെ ഞാനൊരു യുദ്ധത്തിലായിരുന്നു. നബിﷺതിരുമേനി എന്റെ അടുത്തുവന്ന് ചോദിച്ചു: 'നിന്റെ ഒട്ടകത്തിന് എന്തു പറ്റി? അതു നടക്കുന്നില്ലല്ലോ?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ!അതിനു നടക്കാൻ കഴിവില്ല.' നബിﷺദുആ ചെയ്തുകൊണ്ട് അതിനെ തെളിക്കാൻ തുടങ്ങി. നബിﷺചോദിച്ചു: 'ഇപ്പോൾ നിന്റെ ഒട്ടകം എങ്ങനെയുണ്ട്?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ!അങ്ങയുടെ അനുഗ്രഹവും ദുആയും കൊണ്ട് അത് വേഗം നടക്കാൻ തുടങ്ങിയിരിക്കുന്നു.' നബിﷺചോദിച്ചു: 'നീ ഇതിനെ വില്ക്കുമോ?' വെള്ളം കൊണ്ടുവരാൻ എന്റെ പക്കൽ ഈ ഒരു ഒട്ടകം മാത്രമാണ് ഉണ്ടായിരുന്നത്. അതിനാൽ ഞാൻ വളരെ നാണിച്ചുകൊണ്ടു പറഞ്ഞു: 'ഞാൻ അതിനെ വില്ക്കാം.' നബിﷺപറഞ്ഞു: 'എങ്കിൽ എനിക്കുതന്നെ വില്ക്കുക.' മദീനവരെ ഞാൻ അതിന്റെ പുറത്തുതന്നെ യാത്ര ചെയ്യുമെന്ന നിബന്ധനയിൽ ആ ഒട്ടകം നബിﷺയ്ക്കു വിറ്റു. യാത്രാമധ്യേ ഞാൻ നബിﷺയോടു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! എന്റെ വിവാഹം ഇപ്പോൾ കഴിഞ്ഞിട്ടേയുള്ളൂ. എനിക്ക് മദീനയിലെത്താൻ അനുവാദം തന്നാലും.' നബിﷺഎനിക്കു അനുവാദം നല്കി. ഞാൻ മറ്റു ആളുകൾക്കുമുമ്പേ മദീനയിലെത്തുകയും ചെയ്തു. വഴിയിൽ ഞാനെന്റെ അമ്മാവനെ കണ്ടു. അദ്ദേഹം ഒട്ടകത്തെപ്പറ്റി ചോദിച്ചു: 'ഈ മരിക്കാറായ ഒട്ടകം എങ്ങനെയാണ് വേഗം നടക്കാൻ തുടങ്ങിയത്?' അപ്പോൾ ഞാൻ സംഗതികളെല്ലാം അദ്ദേഹത്തെ കേൾപിച്ചു.(അല്ലാഹുവിന്റെ റസൂൽ) ഇന്ന രീതിയിൽ ദുആ ചെയ്തെന്നും ഞാൻ അതിനെ നബിﷺക്ക് വിറ്റുവെന്നും പറഞ്ഞു. അപ്പോൾ എന്റെ അമ്മാവൻ എന്നോടു നീരസം പ്രകടിപ്പിച്ചു. നബിﷺയോടു അനുവാദം ചോദിച്ചപ്പോൾ അവിടന്ന് എന്നോടു ചോദിച്ചു: 'നീ വിവാഹം കഴിച്ചത് കന്യകയെയാണോ വിധവയെയാണോ?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ!വിധവയെയാണ്.' അപ്പോൾ നബിﷺപറഞ്ഞു: 'നീയൊരു കന്യകയെ വിവാഹം കഴിക്കണമായിരുന്നു. നിനക്കു അവളുമായും അവൾക്കു നീയുമായും ഉല്ലസിച്ചു നടക്കാമായിരുന്നില്ലേ?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ!എന്റെ പിതാവ് ശഹീദാക്കപ്പെട്ടു. അദ്ദേഹം

എനിക്കു താഴെ ഒരുപാട് സഹോദരിമാരെ ഉപേക്ഷിച്ചാണ് പോയത്. അതുകൊണ്ട് അവരെപ്പോലുള്ള ഒരു സ്ത്രീയെ വീട്ടിൽകൊണ്ടുവരുന്നതും അങ്ങനെ അവരുടെ കാര്യങ്ങൾ നോക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുന്ന ആരും ഇല്ലാതിരിക്കുകയും ചെയ്യുന്നതിനെ ഞാൻ ഇഷ്ടപ്പെട്ടില്ല.' നബിﷺമദീനയിലെത്തിയപ്പോൾ ഞാൻ അതിരാവിലെതന്നെ ഒട്ടകവുമായി ഹാജരായി. നബിﷺഎനിക്കതിന്റെ വില തന്നു. ഒട്ടകത്തേയും (ഉപഹാരമായി)എനിക്കു നല്കി. *(ബുഖാരി, കിതാബുൽജിഹാദ്, ഹദീഖത്തുസ്സ്വാലിഹീൻ, ഗ്രന്ഥകർത്താ സയ്ഫുർറഹ്മാൻ സാഹിബ് ഹദീഥ് നമ്പർ 357)*

ഹദ്റത്ത് ജാബിറിന് നബിﷺതിരുമേനിയോടുണ്ടായിരുന്ന സ്നേഹത്തിന്റെ മറ്റൊരു സംഭവവും സമർപിക്കുകയാണ്.

അഹ്സാബ് യുദ്ധത്തിന്റെ അവസരത്തിൽ മദീനക്കാർ യുദ്ധത്തിന്റെ തയ്യാറെടുപ്പിൽ മുഴുകിയിരിക്കുകയായിരുന്നു. ആദരണീയരായ സ്വഹാബത്ത് മദീനയിലെ സുരക്ഷിതമല്ലാത്ത ഒരു ഭാഗത്ത് കിടങ്ങുകുഴിക്കുന്നതിൽ വ്യാപൃതരായിരുന്നു. ഭക്ഷണത്തിന് കുറവുണ്ടായിരുന്നു. ചില സ്വഹാബത്ത് കഠിനമായ വിശപ്പുകൊണ്ട് വയറ്റത്ത് കല്ലു വെച്ചു കെട്ടിയിരുന്നു. ഈ സന്ദർഭത്തിൽ നബിﷺതിരുമേനിയും പട്ടിണിയിലായിരുന്നു. അവിടന്നും തന്റെവയറ്റിൽ കല്ലുകെട്ടി വെച്ചിരുന്നു. സീറത്തു ഖാത്തമുന്നബിയ്യീനിൽ പറയുന്നു:

'ജാബിർ ബിൻ അബ്ദുല്ലാഹ് നബിﷺതിരുമേനിയുടെ മുഖത്ത് വിശപ്പു കാരണത്താൽ ക്ഷീണത്തിന്റേയും തളർച്ചയുടേയും ലക്ഷണങ്ങൾ കണ്ട് അങ്ങയോടു തന്റെ വീട്ടിൽ പോകാൻ അനുവാദം വാങ്ങി. വീട്ടിൽവന്ന് തന്റെ ഭാര്യയോടു പറഞ്ഞു: 'നബിﷺതിരുമേനിക്ക് വിശപ്പു സഹിക്കവയ്യാതെ നല്ല വിഷമമുള്ളതായി തോന്നുന്നു. നിന്റെ കൈയിൽ കഴിക്കാൻ വല്ലതുമുണ്ടോ?' കുറച്ചു യവത്തിന്റെ മാവുണ്ടെന്ന് അവർ പറഞ്ഞു. ഒരു ആടുമുണ്ട്. ജാബിർ പറയുന്നു:അപ്പോൾ ഞാൻ ആടിനെ അറുത്തു. മാവ് കുഴച്ചു. എന്നിട്ട് ഭക്ഷണം തയ്യാറാക്കാൻ ഭാര്യയോടു പറഞ്ഞു. ഞാൻ നബിﷺതിരുമേനിയുടെ അടുത്തു പോയി, അവരോടു വരാൻ പറയാം. എന്റെ ഭാര്യ പറഞ്ഞു, നബിﷺതിരുമേനിയോടൊപ്പം കൂടുതലാളുകളെ കൂട്ടിവന്ന് എന്നെ അപമാനിക്കരുത്. ജാബിർ؄പറയുന്നു, ഞാൻ പോയി, മെല്ലെ നബിﷺതിരുമേനിയോടു പറഞ്ഞു, യാ റസൂലല്ലാഹ്! എന്റെ കൈയിൽ കുറച്ച് മാംസവും യവത്തിന്റെ മാവുമുണ്ട്. അതു പാകം ചെയ്യാൻ എന്റെ ഭാര്യയോടു പറഞ്ഞിട്ടാണ് ഞാൻ വന്നിരിക്കുന്നത്. അങ്ങ് കുറച്ച് സ്വഹാബത്തിനെ കൂട്ടി വന്നാലും. ഭക്ഷണം കഴിച്ചാലും. എത്ര ഭക്ഷണമുണ്ടെന്ന് അവിടന്ന് ചോദിച്ചു. ഇത്രയുമുണ്ടെന്ന് ഞാൻ പറഞ്ഞു. ഒരുപാടുണ്ടല്ലോ, നബിﷺതിരുമേനി പറഞ്ഞു. പിന്നീട് അവിടന്ന് തന്റെ ചുറ്റുപാടും കണ്ണോടിച്ചു. ഉച്ചത്തിൽ പറഞ്ഞു:അൻസ്വാറിന്റേയും മുഹാജിറിന്റേയും സംഘമേ! ജാബിർ നമ്മെ ഭക്ഷണത്തിന് ക്ഷണിച്ചിരിക്കുന്നു. പോയി ഭക്ഷണം കഴിക്കുക.' ആ ശബ്ദം കേട്ട് വിശന്നുവലഞ്ഞ ആയിരത്തോളം സ്വഹാബ, നബിﷺതിരുമേനിയോടൊപ്പം പോയി. നബിﷺതിരുമേനി ജാബിറിനോടു പറഞ്ഞു, താങ്കൾ പെട്ടെന്ന് പോയി ഞാൻ വരുന്നതുവരെ ചെമ്പ് അടുപ്പിൽനിന്ന് ഇറക്കരുതെന്ന് അവരോടു പറയുക. റൊട്ടിയുണ്ടാക്കാൻ തുടങ്ങരുതെന്നും പറയുക. ജാബിർ പെട്ടെന്നുപോയി ഭാര്യയെ വിവരം അറിയിച്ചു. ആ പാവം നല്ലവണ്ണം പരിഭ്രമിച്ചു. കുറച്ചാളുകളെയാണ് പ്രതീക്ഷിച്ചത് ഇപ്പോൾ കൂടുതലാളുകൾ വരികയാണ്. ഇനിയെന്താ സംഭവിക്കുക!എന്നാൽ, നബിﷺതിരുമേനി അവിടെ ചെന്നപാടെ വളരെ സമാധാനത്തോടെ ചെമ്പിന്റെമേലും ആട്ടയുടെ മേലും ദുആ ചെയ്തു. ഇനി റൊട്ടി ഉണ്ടാക്കിക്കൊള്ളാൻ പറഞ്ഞു. അതിനു ശേഷം അവിടന്ന് മെല്ലെ മെല്ലെ ഭക്ഷണം വിതരണം ചെയ്യാൻ തുടങ്ങി. ജാബിർ؄പറയുന്നു: ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനെ സത്യം ചെയ്തു ഞാൻ പറയുന്നു, അതേ ഭക്ഷണംകൊണ്ട് സകലരും വയറുനിറയെ ഭക്ഷണം കഴിച്ച് എഴുന്നേറ്റു. അപ്പോഴും ഞങ്ങളുടെ ചെമ്പ് അതേപോലെതന്നെ തിളച്ചുകൊണ്ടിരുന്നു, റൊട്ടി അതേപോലെതന്നെ തയ്യാറായും കൊണ്ടുമിരുന്നു.*(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്؄,പേജ് 578)*

നബിﷺതിരുമേനിയുടെ ഒരു സ്വഹാബിയായിരുന്നു ഹദ്റത്ത് നുഅയ്മാൻ ബിൻ അംറ്؄. ഹദ്റത്ത് നുഅയ്മാൻ രണ്ടാം അഖബ ബയ്അത്തിൽ 70 അൻസ്വാറിനോടൊപ്പം പങ്കെടുത്തിരുന്നു. ഹദ്റത്ത് നുഅയ്മാൻ ബദ്ർ, ഉഹുദ്, ഖന്ദഖ് ഉൾപ്പടെയുള്ള എല്ലാ യുദ്ധങ്ങളിലും നബിﷺതിരുമേനിയോടൊപ്പം പങ്കെടുക്കുകയും ചെയ്തു. ഒരു നിവേദനത്തിൽ വരുന്നു, നബിﷺതിരുമേനി പറഞ്ഞു: 'നുഅയ്മാനെ സംബന്ധിച്ച് നന്മയല്ലാതെ മറ്റൊന്നും പറയരുത്. കാരണം അദ്ദേഹം അല്ലാഹുവിനേയും അവന്റെ റസൂലിനേയും സ്നേഹിക്കുന്നു.' ഹദ്റത്ത് നുഅയ്മാനെ സംബന്ധിച്ച് നിവേദനത്തിൽ അദ്ദേഹം പ്രകൃത്യാ ഹാസ്യസ്വഭാവക്കാരനായിരുന്നുവെന്നും വരുന്നുണ്ട്. ഹദീഥിൽ വന്നിരിക്കുന്നു, നബിﷺതിരുമേനിയുടെ അടുത്ത് ഒരു ബദ്ദു(ഗ്രാമീണനായ അറബി) വരികയും മസ്ജിദിൽ പ്രവേശിച്ച് തന്റെ ഒട്ടകത്തെ മുറ്റത്ത് ഇരുത്തുകയും ചെയ്തു. അപ്പോൾ ചില സ്വഹാബാക്കൾ ഹദ്റത്ത് നുഅയ്മാനോട് പറഞ്ഞു: 'താങ്കൾ ഇതിനെ അറുക്കുക. ഞങ്ങൾ തിന്നുകൊള്ളാം. ഞങ്ങൾക്ക് മാംസം കഴിക്കാൻ കൊതിയാകുന്നു. ഇനി നബിﷺതിരുമേനിയുടെ അടുക്കൽ പരാതി ചെന്നാൽത്തന്നെയും അവിടന്ന് അതിന്റെ നഷ്ടപരിഹാരം കൊടുക്കുകയും ചെയ്തുകൊള്ളും.' നിവേദകൻ പറയുന്നു: 'ഹദ്റത്ത് നുഅയ്മാൻ അവരുടെ വാക്കുകൾ കേട്ട് ഒട്ടകത്തെ അറുത്തു. അങ്ങനെ ബദ്ദു പുറത്തു വരികയും തന്റെ യാത്രാ മൃഗത്തിന്റെ അവസ്ഥ കാണുകയും ചെയ്തപ്പോൾ മുഹമ്മദേﷺ! എന്റെ ഒട്ടകത്തെ അറുത്തിട്ടിരിക്കുന്നു എന്നു ഉച്ചത്തിൽ പറഞ്ഞ് ബഹളംവെച്ചു. നബി ﷺതിരുമേനി പുറത്തു വന്ന് ചോദിച്ചു: 'ആരാണ് ഇതു ചെയ്തത്?' നുഅയ്മാൻ ആണെന്ന് ആളുകൾ പറഞ്ഞു.അപ്പോൾ അവിടന്ന് അദ്ദേഹത്തെ തിരഞ്ഞ് പുറപ്പെട്ടു. നുഅയ്മാൻ, അവിടെനിന്നുപോയി എവിടെയോ ഒളിച്ചിരുന്നു. ഏതായാലും നബിﷺതിരുമേനി അദ്ദേഹത്തെ തിരഞ്ഞു പുറപ്പെട്ടു. അങ്ങനെ അദ്ദേഹം ഹദ്റത്ത് ളുബാഅ ബിൻത് സുബയ്ർ ബിൻ അബ്ദുൽ മുത്ത്വലിബിന്റെ വീട്ടിൽ ഒളിച്ചിരിക്കുന്നത് കണ്ടു. അദ്ദേഹം ഒളിച്ചിരുന്നിടത്തുണ്ടായിരുന്ന ഒരാൾ തന്റെ വിരൽ കൊണ്ട് അദ്ദേഹത്തിലേക്ക് ചൂണ്ടിക്കൊണ്ട് ഉറക്കെ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ!എനിക്കെങ്ങും കാണാൻ കഴിയുന്നില്ല.' എന്തായാലും അദ്ദേഹത്തെ അവിടെനിന്ന് നബിﷺതിരുമേനി പുറത്തു കൊണ്ടുവന്ന് ചോദിച്ചു: താങ്കൾ എന്തിനാണ് ഇങ്ങനെ ചെയ്തത്? നുഅയ്മാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഞാനാണ് അതിനെ അറുത്തതെന്ന് അങ്ങയോടു പറഞ്ഞവരുണ്ടല്ലോ, അവർ തന്നെയാണ് എന്നെ പ്രേരിപ്പിച്ചത്. നബിﷺതിരുമേനി അതിന് നഷ്ടപരിഹാരം നല്കുമെന്ന് അവർ പറയുകയും ചെയ്തു. ഈ കാര്യം കേട്ട് നുഅയ്മാന്റെ മുഖത്ത് വാത്സല്യത്തോടെ അവിടന്ന് തട്ടുകയും പുഞ്ചിരിക്കുകയും ചെയ്തു. അവിടന്ന് ആ ഗ്രാമവാസിക്ക് ഒട്ടകത്തിന്റെ വില നൽകി.'

'മദീനയിൽ വല്ല കച്ചവടക്കാരനും വരുന്നതായാൽ ഹദ്റത്ത് നുഅയ്മാൻ അയാളിൽ നിന്ന് വല്ലതുമെക്കെ വാങ്ങുകയും നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി അത് അങ്ങയ്ക്കുള്ള തന്റെ ഉപഹാരമാണെന്ന് പറയുകയും ചെയ്യുമായിരുന്നു. പിന്നീട് ഈ കച്ചവടക്കാരൻ ഹദ്റത്ത് നുഅയ്മാനിൽ നിന്ന് ആ സാധനത്തിന്റെ വില വാങ്ങാൻ വരുമ്പോൾ, അയാളെയും കൂട്ടി അദ്ദേഹം നബിﷺതിരുമേനിയുടെ അടുക്കൽ വരും. എന്നിട്ട് 'ഇയാൾക്ക് ഈ സാധനത്തിന്റെ വില നല്കുക' എന്നു പറയും. അപ്പോൾ 'ഇത് താങ്കളെനിക്ക് ഒരു ഉപഹാരമായി നല്കിയതല്ലേ?' എന്ന് നബിﷺതിരുമേനി ചോദിക്കും. 'അല്ലാഹുവിന്റെ റസൂലേ! അല്ലാഹുവാണെ സത്യം! ആ സാധനത്തിന്റെ വില നല്കാൻ എന്റെ കൈയിൽ ഒന്നുമുണ്ടായിരുന്നില്ല' എന്നായിരിക്കും അദ്ദേഹത്തിന്റെ മറുപടി. എന്നാൽ, 'ഞങ്ങളുടെ ആഗ്രഹം, ആ വസ്തു കഴിക്കാനുള്ളതാണെങ്കിൽ അവിടന്ന് അത് കഴിക്കണമെന്നും അത് സ്വന്തമാക്കാവുന്നതാണെങ്കിൽ അവിടന്ന് സ്വന്തമാക്കണമെന്നുമാണ്.' അതുകേട്ട് നബിﷺതിരുമേനി പുഞ്ചിരിക്കുകയും അതിന്റെ വില അതിന്റെ ഉടമസ്ഥന് നല്കാൻ കല്പിക്കുകയും ചെയ്യുമായിരുന്നു. *(ഖുത്ബ ജുമുഅ 13-9-2019, സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ്)*

നബിﷺതിരുമേനിയുടെ അങ്ങേയറ്റം ആത്മാർഥനായ ഒരു സ്വഹാബിയായിരുന്നു ഹദ്റത്ത് അബ്ദുല്ലാഹ്؄. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂൽ എന്നായിരുന്നു. ഇദ്ദേഹം മുനാഫിഖുകളുടെ നേതാവായിരുന്നു. നബിﷺതിരുമേനിയെ ബുദ്ധിമുട്ടിക്കാനും ആ മഹാത്മാവിന് നഷ്ടവരുത്താനും കിട്ടുന്ന ഒരു അവസരവും അയാൾ പാഴക്കാറുണ്ടായിരുന്നില്ല.

ഉഹുദ് യുദ്ധാവസരത്തിൽ ആദ്യം അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂൽ തന്റെ ആളുകളോടൊപ്പം യുദ്ധത്തിന് പുറപ്പെട്ടിരുന്നുവെങ്കിലും തികച്ചും ഉഹുദിന്റെ താഴ്വരയിലെത്തിയപ്പോൾ തന്റെ 300കൂട്ടാളികളോടൊപ്പം മടങ്ങിപ്പോയി.

ഹദീഥുന്നബവി(സ)
"ഇഅ്തകിഫ് വ സ്വും."
ഇഅ്തികാഫ് ഇരിക്കുക, കൂടെ നോമ്പും എടുക്കുക.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL : 9744366004, 8086399638

ഹദീഥുന്നബവി(സ)
"ഇഹ്ഫള്ള് ലിസാനക്ക."
നിന്റെ നാവിനെ സംരക്ഷിക്കുക.
tectona
feel more confidence
tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

അങ്ങനെ സൈന്യത്തിലെ മൊത്തം അംഗസംഖ്യയായ ആയിരത്തിൽനിന്ന് 700 ആയി കുറഞ്ഞു.

ഹിജ്റ വർഷം 5-ന് ബനൂ മുസ്ത്വലിഖ് യുദ്ധമുണ്ടായി. ഈ അവസരത്തിൽ അൻസ്വാറിനും മുഹജിറുകൾക്കുമിടയിൽ എന്തോ തെറ്റുധാരണയുണ്ടായ കാരണത്താൽ ബലഹീനരായ വിശ്വാസികൾക്കിടയിൽ ആഭ്യന്തരകലഹംപോലും ഉണ്ടാകാനിടയായി. എന്നാൽ, നബിﷺതിരുമേനിയുടെ അസാധാരണമായ കാന്തികമായ വ്യക്തിത്വവും ഇരുകക്ഷികൾക്കും നബിതിരുമേനിയോടുള്ള സ്നേഹവും കാരണത്താൽ അങ്ങനെ ഉണ്ടായില്ല. അങ്ങനെ ആ പ്രശ്നം അവിടെ ഒത്തുതീർപ്പായെങ്കിലും യുദ്ധത്തിൽ പങ്കെടുത്ത കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ ഈ സംഭവമറിഞ്ഞപ്പോൾ വീണ്ടും കുഴപ്പം കുത്തിപ്പൊക്കാൻ ആഗ്രഹിച്ചുകൊണ്ട് നബിﷺ തിരുമേനിക്കും മുസ്‌ലിമീങ്ങൾക്കുമെതിരെ തന്റെ കൂട്ടാളികളെ പ്രകോപിപ്പിക്കാനായി പറഞ്ഞു: 'എല്ലാം നിങ്ങളുടെ പോരായ്മയാണ്. നിങ്ങൾ അവരെ തലയിൽ കയറ്റിവച്ചിരിക്കുകയാണ്. അവരെ സംരക്ഷിക്കുന്നതിൽനിന്ന് നിങ്ങൾ ഇനി വിട്ടൊഴിയുകയാണ് വേണ്ടത്. അങ്ങനെയായാൽ ഇവർ സ്വയം മദീന വിട്ടു പോകുന്നതായിരിക്കും. ഒടുവിൽ ആ ദുർഭഗൻ ഇത്രത്തോളം പറഞ്ഞു: ***ല ഇൻർറജഅ്നാ ഇലൽ മദീനത്തി ല യുഖ്‌രിജന്നൽ അഅസ്സു മിൻഹൽ*** അദല്ല മദീനയിലെത്തിക്കഴിഞ്ഞാൽ വന്ദ്യനിൽവന്ദ്യനായ വ്യക്തി നിന്ദ്യനിൽ നിന്ദ്യനായ വ്യക്തിയെ പട്ടണത്തിൽനിന്ന് പുറത്താക്കുന്നതെങ്ങനെയെന്ന് നിങ്ങൾ കാണുക. (63:9). അല്പ സമയത്തിനുശേഷം അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന്റെ മകൻ ഹദ്റത്ത് അബ്ദുല്ലാഹ് പരിഭ്രമിച്ചുകൊണ്ട് നബിﷺതിരുമേനിയുടെ മുന്നിൽ ഹാജരായി പറഞ്ഞു: 'യാ റസൂലല്ലാഹ്!അങ്ങ് എന്റെ പിതാവിന്റെ ധാർഷ്ട്യവും കലഹമുണ്ടാക്കലും കാരണമായി വധശിക്ഷയ്ക്കു വിധിക്കാൻ പോകുന്നുവെന്നു കേട്ടു. അതുതന്നെയാണ് അങ്ങയുടെ തീരുമാനമെങ്കിൽ എനിക്കു കല്പന നൽകിയാലും. ഞാനെന്റെ പിതാവിന്റെ തലയറുത്ത് താങ്കളുടെ കാൽക്കീഴിൽ കൊണ്ടുവരുന്നതാണ്. എന്നാൽ, മറ്റാർക്കും അതിനുള്ള കല്പന നൽകരുത്. കാരണം എന്റെ ഏതെങ്കിലുമൊരു നാഡിയിൽ ജാഹിലിയ്യ കാലത്തുള്ള ആവേശം നുരഞ്ഞു പൊങ്ങുകയും എന്റെ പിതാവിന്റെ ഘാതകർക്ക് എപ്പോഴെങ്കിലും വല്ല ക്ഷതവും ഞാൻ ഏല്പിക്കുകയും ചെയ്തു പോകാമെന്നു ഞാൻ ഭയപ്പെടുന്നു. അങ്ങനെ അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചിട്ടും നരകത്തിൽ പോയി പതിക്കുമോ എന്നു ഞാൻ ഭയക്കുന്നു. നബിﷺ തിരുമേനി അദ്ദേഹത്തെ ആശ്വസിപ്പിച്ചു കൊണ്ടു പറഞ്ഞു: 'നമുക്കൊരിക്കലും അത്തരമൊരു ഉദ്ദേശ്യമില്ല. തീർച്ചയായും നാം താങ്കളുടെ പിതാവിനോട് വിട്ടുവീഴ്ചയോടും കാരുണ്യത്തോടും കൂടി പെരുമാറുന്നതാണ്.' ഈ അവസരത്തിൽ നബിﷺതിരുമേനി കപടവിശ്വാസികളുടെ നേതാവായ ഉബയ് ബിൻ സുലൂലിന്റ മകനോടു എത്രത്തോളം സ്നേഹത്തോടും വാത്സല്യത്തോടുമാണ് പെരുമാറിയത്.

ബനൂമുസ്ത്വലിഖ് യുദ്ധം കഴിഞ്ഞു വരുമ്പോൾ ഹദ്റത്ത് ആഇശ‌رضയുടെമേൽ മുനാഫിഖുകൾ പ്രചരിപ്പിച്ച അപവാദത്തിന്റെ മുഖ്യസൂത്രധാരകനും അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ ആയിരുന്നു. ചുരുക്കിപ്പറഞ്ഞാൽ നബിﷺതിരുമേനിയുടെ മനസ്സിന് മുറിവേൽപിക്കാൻ കിട്ടുന്ന ഒരു അവസരവും അയാൾ പാഴാക്കിയിരുന്നില്ല. പക്ഷേ, നബിﷺതിരുമേനി എല്ലാ അവസരത്തിലും അദ്ദേഹത്തിന്റെ മകൻ അബ്ദുല്ലായോടു സ്നേഹത്തോടും വാത്സല്യത്തോടുംകൂടി പെരുമാറി. ഹദ്റത്ത് അബ്ദുല്ലായുടെ പിതാവ് മരണപ്പെട്ടപ്പോൾ, അതായത് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ മരണപ്പെട്ടപ്പോൾ നബിﷺതിരുമേനിയോട് അദ്ദേഹം ജനാസ നമസ്കരിപ്പിക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി. അതുപോലെ തന്നെ കഫൻ പൊതിയുന്നതിന് അവിടത്തെ കുപ്പായവും ചോദിച്ചു. എങ്ങനെയെങ്കിലും തന്റെ പിതാവിന്റെ പാപഭാരം കുറയട്ടെ എന്നു കരുതിയാണ് അബ്ദുല്ലാഹ് അത് ചോദിച്ചത്. അങ്ങനെ നബിﷺതിരുമേനി അതു നല്കി. നബിﷺതിരുമേനി ജനാസ നമസ്കരിക്കാൻ ഒരുങ്ങുമ്പോൾ ഹദ്റത്ത് ഉമർرضപറഞ്ഞു:'അല്ലാഹു അങ്ങയെ കപടവിശ്വാസികളുടെ ജനാസ നമസ്കരിക്കുന്നതിൽനിന്ന് വിലക്കിയിട്ടുണ്ടല്ലോ?' നബിﷺതിരുമേനി പറഞ്ഞു: 'വിലക്കിയിട്ടില്ല, എനിക്ക് അധികാരം നല്കപ്പെട്ടരിക്കുകയാണ്. എനിക്കു വേണമെങ്കിൽ നമസ്കരിക്കാം നമസ്കരിക്കാതിരിക്കാം.' അങ്ങനെ നബിﷺതിരുമേനി അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. പിന്നീട് അല്ലാഹു അത്തരക്കാരുടെ ജനാസ നമസ്കരിക്കുരുതെന്ന് പൂർണമായും വിലക്കിയപ്പോൾ അവിടന്ന് കപടവിശ്വാസികളുടെ ജനാസ നമസ്കാരം നിറുത്തുകയും ചെയ്തു. നബിﷺതിരുമേനി, അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനോടു ദയയോടെ പെരുമാറാൻ കാരണം അദ്ദേഹത്തിന്റെ മകൻ ഹദ്റത്ത് അബ്ദുല്ലാഹ്رضആയിരുന്നു. എന്നാൽ, അതിനു മറ്റുകാരണങ്ങൾ വിവരിക്കപ്പെടുന്നുണ്ട്. ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു: ഞാൻ കരുതുന്നത് അബ്ദുല്ലാഹ്رضകാരണത്താൽ നബിﷺതിരുമേനി അത് ചെയ്തതാണ്. മകൻ എല്ലാ കാര്യത്തിലും ഇസ്‌ലാമിന്റെ അഭിമാനം കാത്തുസൂക്ഷിച്ചു. നബിﷺതിരുമേനിയുടെ അഭിമാനം കാത്തുസൂക്ഷിച്ചു. തന്റെ ഈമാനെ രക്ഷിച്ചു. തന്റെ പിതാവിനോടു അതിക്രമവും കാണിച്ചു. അതുകൊണ്ട് മകന്റെ തൃപ്തിക്കുവേണ്ടി അല്ലെങ്കിൽ മകന്റെ ആഗ്രഹം കാരണത്താൽ അവിടന്ന് വ്സ്ത്രം ഊരി നല്കിയതാണ്.' *(ഖുത്ബ ജുമുഅ 15-11-2019, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്)*

ഹദ്റത്ത് മസീഹ് മൗഊദ്عپറയുന്നു: 'ഞാനെപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്നുപേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സലാത്തും സലാമും അവിടത്തെമേൽ വർഷിക്കപ്പെടട്ടെ)എത്രമേൽ ഉൽകൃഷ്ടപദവിയാർന്ന നബിയാണ്!അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ!അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോ കഷ്ടം!അവിടത്തെ യഥാർഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്ന് തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ തൗഹീദ് അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലേകത്ത് തിരച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ! അവിടന്ന് ദൈവത്തോടു അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. അതുകൊണ്ട് മുമ്പേയുള്ളവരും പിമ്പേയുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചു കൊടുക്കുകയും ചെയ്തു.' *(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാള്യം 22 പേജ് 118)*

അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ്വഅലാ ആലി മുഹമ്മദിൻ വ ബാരിക് വ സല്ലിം ഇന്നക്ക ഹമീദുൻ മ്മജീദ് വ ആഖിറു ദഅ്‌വാനാ അനിൽഹംദുലില്ലാഹി റബ്ബിൽആലമീൻ.

**പേജ് 1 ൽ നിന്ന്**

ന്മാരുടേയും സഹവാസം സ്വീകരിക്കുകയും അല്ലാഹു അയച്ചവരുടെ അനുസരണത്തിൽ തന്റെമേൽ ഒരു ലയനമുണ്ടാക്കുകയും ചെയ്യുന്നതുവരെ തഖ്‌വാ അഥവാ ദൈവഭയം ഒരിക്കലും കരസ്ഥമാകുകയില്ല. ഇതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്, ***യാ അയ്യുഹല്ലദീന ആമനുത്തഖുല്ലാഹ വ കൂനു മഅസ്സ്വാദിഖീൻ*** (9:119).വിശ്വസിച്ചവരേ! തഖ്‌വാ കരസ്ഥമാക്കുകയും സത്യസന്ധന്മാരോടൊപ്പം ഇരിക്കുകയും അവരുടെ സ്നേഹബന്ധത്തിൽനിന്ന് ശക്തിയാർജിക്കുകയും ചെയ്യുവിൻ. ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് ഈമാനിന്റെ പൂർണമായ യാഥാർഥ്യം മുത്തഖിയായതിനുശേഷമാണ് തുറക്കുന്നതെന്നാണ്. ദൈവഭയത്തിന്റെ യാഥാർഥ്യം ദൈവത്തിൽലയിച്ച ഒരു ദൈവപുരുഷന്റെ പരിശുദ്ധ സഹവാസത്തിലിരുന്ന് ഫലമെടുക്കുന്നതുവരെ സ്ഥിരീകരിക്കപ്പെടുകയില്ല. കേവലം സഹവാസത്തിലിരിക്കുന്നതുകൊണ്ട് എന്തെങ്കിലും ഫലമോ പ്രഭാവമോ ഉണ്ടാകുകയില്ലെന്നതും ഓർമവെക്കേണ്ടതാണ്. പ്രത്യുത അവരെ അനുസരിക്കണമെന്നതിലേക്കുള്ള സൂചനയാണ് സത്യസന്ധന്മാരുടെ സഹവാസം സ്വീകരിക്കുന്നതിലുള്ളത്." *(മൽഫൂദാത്ത് വാള്യം 2, പേജ് 32, 2018 പതിപ്പ് ഖാദിയാൻ)*

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**ജൽസാ സാലാന, ഖാദിയാൻ 2024**
**ഡിസംബർ 27,28,29 (വെള്ളി, ശനി, ഞായർ)**

**• ഹദീഥുന്നബവ്വി(സ) •**

**"അദ്ദീനുന്നസ്വീഹഃ"**
**ദീനിന്റെ രത്നച്ചുരുക്കം നന്മ ആഗ്രഹിക്കലാകുന്നു.**

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബവ്വി(സ) •**

**"ഇജ്ത്തനിബുൽ ഗളബ."**
**കഠിനമായ കോപത്തിൽനിന്നും വിട്ടു നിൽക്കുക.**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphis

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 19 September 2024 Issue-38

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബി നസ്്രിഹിൽ അസീസിന്റെ യൂറോപ്പ് പര്യടനം

## വിവർത്തനം: മൗലവി സഫ്ർ അഹ്മദ് കോഴിക്കോട്

**2012 ഡിസംബർ 16 ഞായറാഴ്ച:**

### ജർമനി എം.ടി.എ പ്രവർത്തകരുമായി ഹുദൂറിന്റെ ഒരു മീറ്റിംഗ്

പരിപാടിയനുസരിച്ച് ഉച്ചയ്ക്കുശേഷം എം.ടി.എ ജർമനിയുടെ പ്രവർത്തകരുമായി ഹുദൂറിന്റെ ഒരു മീറ്റിംഗ് നടന്നു. 5.35-ന് ഹുദൂർ ഈ പരിപാടിയിൽ സന്നിഹിതരായി. ബഹുമാനപ്പെട്ട ഫാതിഹ് അഹ്മദ് സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ കാര്യപരിപാടികൾക്ക് തുടക്കം കുറിച്ചു. അതിന്റെ ഉർദു പരിഭാഷ റഫീഖ് അഹ്മദ് ശാഹിദ് സാഹിബും ജർമൻ പരിഭാഷ സുൽത്വാൻ സാഹിബും കേൾപ്പിച്ചു. തുടർന്ന് ബഹുമാനപ്പെട്ട അമീർ സാഹിബ് ഹ്രസ്വഭാഷണം നടത്തി.

● അദ്ദേഹം പറഞ്ഞു: നമ്മുടെ എം.ടി.എ ജർമനി, എം.ടി.എ ഇന്റർനാഷണൽ യു.കെ യുടെ ഒരു കുട്ടിയാണെന്ന് പറയാം. അല്ലെങ്കിൽ സഹോദരനാണെന്ന് പറയാം. അമീർ സാഹിബ് എം.ടി.എ കുറിച്ച് ചില കാര്യങ്ങൾ വളരെ ചുരുക്കി വിവരിച്ചു.

● അമീർ സാഹിബിന്റെ ഹ്രസ്വഭാഷണത്തിനു ശേഷം 'ശ്രാവ്യദൃശ്യ' നാഷണൽ സെക്രട്ടറി അതായത് 'സംയി ബസ്വ്രി' ഇൻചാർജും എം.ടി.എ ഇന്റർനാഷണൽ(ജർമൻ സ്റ്റുഡിയോസി)ന്റെ ഇൻചാർജുമായ മുസഫ്ഫർ അഹ്മദ് സാഹിബ് തന്റെ റിപ്പോർട്ട് സമർപ്പിച്ചുകൊണ്ട് പറഞ്ഞു: എം.ടി.എ(ജർമൻ സ്റ്റുഡിയോസിന്) ജമാഅത്തുപരമായ രണ്ടു സ്റ്റുഡിയോ ഉണ്ട്. ഒന്ന് 'മുബശ്ശിർ സ്റ്റുഡിയോ ഫ്രാങ്ക്ഫോർട്ട്' രണ്ടാമത്തേത് 'മസ്റൂർ സ്റ്റുഡിയോ കോലോൺ.' മസ്റൂർ സ്റ്റുഡിയോയുടെ വിപുലീകരണത്തിനും പൂർണമായും പുതുക്കിപ്പണിതതിനുശേഷം 2011 ജൂണിൽ അതിന്റെ ഉദ്ഘാടനം ഹുദൂർ അയ്യദഹുല്ലാഹ് നിർവഹിച്ചു. ടി.വി ചാനലുകളോടൊപ്പം സഹകരിച്ചുകൊണ്ട് സ്ഥാപിച്ചിട്ടുള്ള പ്രൊഡക്ഷൻ സെന്ററിന്റെ എണ്ണം ആറും തയ്യാറെടുപ്പിന്റേയും ട്രൈനിംഗിന്റേയും ഘട്ടത്തിലുള്ള ബ്രോഡ്കാസ്റ്റ് സെന്ററുകളുടെ എണ്ണം ഇരുപതുമാണ്.

എം.ടി.എ ജർമനിയുടെ കീഴിൽ തയ്യാറാക്കിയിട്ടുള്ള സീരീസ് 18. ഓരോ മാസവും ഏകദേശം 10 മണിക്കൂർ പരിപാടി തയ്യാറാക്കുന്നുണ്ട്. 9 ഡോക്യുമെന്ററികളാണ് കഴിഞ്ഞ 5 വർഷത്തിൽ തയ്യാറാക്കിയത്.

സെക്രട്ടറി സാഹിബ് പറഞ്ഞു: ഈ എല്ലാ വ്യവസ്ഥിതിയേയും നിയന്ത്രിക്കുന്നതിന് ഒരു കേന്ദ്രമാനേജ്മെന്റ് ബോർഡ് രൂപീകരിച്ചു. അതിൽ മൊത്തം 19 വകുപ്പുകളുണ്ട്.

എം.ടി.എ ഇന്റർനാഷണലിന് 4 വിവിധ വിതരണ ചാനലുണ്ട്. അവയിലൊന്ന് എം.ടി.എ-2 വിൽ സംപ്രേഷണം ചെയ്തുവരുന്ന ജർമൻ സർവ്വീസാണ്. എം.ടി.എ-2 വിൽ ഓരോ ദിവസവും ഒരു മണിക്കൂർ ജർമൻ പരിപാടി നടന്നു വരുന്നു. അതിൽ പലപരിപാടികളും സംപ്രേഷണം ചെയ്യുന്നുണ്ട്. ഇപ്രകാരം മാസത്തിൽ 22 മണിക്കൂറും ജർമൻ പരിപാടി ലണ്ടനിൽ അയച്ചുകൊടുക്കാറുണ്ട്. ഇതു കൂടാതെ ഹുദൂറിന്റെ അനുമതിയോടെ എം.ടി.എ(ജർമൻ സ്റ്റുഡിയോ)സ്വന്തമായി യൂട്യൂബ് ചാനലിന് തുടക്കം കുറിച്ചു. ഇപ്പോൾ ഈ ചാനലിന്റെ മൊത്തം പ്രേക്ഷകരുടെ എണ്ണം 5 ലക്ഷത്തിലേറെയാണ്. വരിക്കാരുടെ എണ്ണം 800 കഴിഞ്ഞിരിക്കുന്നു. ഹുദൂറിന്റെ അനുമതിയോടെ 24 മണിക്കൂറും പരിപാടികൾ സംപ്രേഷണം ചെയ്യുകയും അത് ആവർത്തിക്കുകയും ചെയ്യുന്നു. ഈ വെബ്സ്ട്രീം എല്ലാ മൊബൈൽ ഡിവൈസസിലും കാണാൻ സാധിക്കുന്നതാണ്. ഇതിനുപുറമെ ജർമനിയിലുള്ള മറ്റു ഓപൺ ടി.വി ചാനലുകളിലും എം.ടി.എ ജർമൻ സ്റ്റുഡിയോസ് തയ്യാറാക്കിയിട്ടുള്ള പരിപാടികൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. അത്തരം ഓപൺ ടി.വി ചാനലുകളുടെ എണ്ണം 30 ആകുന്നു.

സെക്രട്ടറി സാഹിബ് പറഞ്ഞു: 2011 ഏപ്രിലിൽ ഹുദൂർ അയ്യദഹുല്ലാഹ് എം.ടി.എ ഇന്റർനാഷണൽ കോൺഫ്രൻസിൽ ഇങ്ങനെ പറഞ്ഞിരുന്നു:ഒരു പുതിയ ആവേശവും ഉണർവും എല്ലാ നിലയിലും കാണേണ്ടതാണ്. ക്യാമറമാന്മാരുണ്ട്, പ്രൊഡക്ഷന്റെ ആളുകളുണ്ട്, ഗ്രാഫിക്സിന്റെ ആളുകളുണ്ട് അല്ലെങ്കിൽ മറ്റു വിവിധ വിഭാഗങ്ങളുണ്ട്. ടെലിവിഷനുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലേയും ആളുകളെ അന്വേഷിച്ചു കണ്ടെത്തുക. അഹ്മദികളിൽ ഇത്തരം യുവാക്കളെ ഇനിയും കിട്ടുന്നതാണ്. പിന്നീട് പുതിയ രീതിയിലും പുതിയ ആവേശത്തോടുകൂടിയും ഈ ടീമിനെ വർധിപ്പിക്കുകയും പുതിയപുതിയ പരിപാടികൾ തയ്യാറാക്കുകയും വേണ്ടതാണ്.

ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ഈ നിർദേശങ്ങൾ മുന്നിൽവച്ചകൊണ്ട് 'ശ്രാവ്യദൃശ്യ'(സംയീ ബസ്വ്രീ)വകുപ്പ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി എം.ടി.എയ്ക്കുവേണ്ടി പ്രൊഡക്ഷൻ ടീമുകളെ രൂപീകകരിക്കാൻ ശ്രമിച്ചുവരുന്നു. പ്രത്യേകിച്ച് ജർമനിയിൽ സർക്കാർ വ്യവസ്ഥിതിയുടെ കീഴിൽ നടന്നുവരുന്ന ചെറിയ തദ്ദേശ ടെലിവിഷൻ സെന്ററിന്റെ എളുപ്പത്തെ മുൻനിറുത്തി ഈ വിഭാഗം ആദ്യം ഓപ്പൺ ടി.വി ചാനലുകളുള്ള ജമാഅത്തുകളെ എം.ടി.എ യുടെ ടീം തയ്യാറാക്കുന്ന കാര്യത്തിൽ ശ്രദ്ധചെലുത്തിക്കൊണ്ടിരിക്കുകയാണ്. എന്നാലും ഇത്തരത്തിലുള്ള ജമാഅത്തുകളുടെ പ്രവർത്തനം ഈ ടീമുകൾക്ക് സ്വന്തമായി റെക്കാർഡ് ചെയ്യുന്നതിനുവേണ്ടി ഓരോ ജമാഅത്തിലും പ്രത്യേകം പ്രത്യേകം ടീമുകൾ ഉണ്ടാകേണ്ടത് നിർബന്ധമായ കാര്യമാണ്. എന്നു മാത്രമല്ല പരിപാടികൾ തയ്യാറാക്കുന്നതിൽ കേന്ദ്രടീമിന്റെ സഹായിയായി തീരേണ്ടതാണ്. ഇതിലൂടെ പരിപാടികൾ തയ്യാറാക്കുന്നതിൽ സഹായിയായി തീരുമെന്ന് മാത്രമല്ല പ്രത്യുത ടെലിവിഷൻ പ്രൊഡക്ഷനുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങൾക്കും പ്രകൃതിസിദ്ധമായ പ്രത്യേക കഴിവ് സ്വയമേവ പൊങ്ങിവരുന്ന തരത്തിലുള്ള ഒരു അന്തരീക്ഷം ജമാഅത്തുകളിൽ നിലവിൽ വരുന്നതായിരിക്കും. ഈ ഉദ്ദേശ്യത്തിന് 'ശ്രാവ്യദൃശ്യ' (സംയീ ബസ്വ്രീ)വകുപ്പ് സെക്രട്ടറി പര്യടനവേളയിൽ ഹുദൂർ തിരുമനസ്സിന്റെ ഈ നിർദേശത്തെ ജമാഅത്തംഗങ്ങളുടെ മുമ്പിൽ വെക്കുകയും അതിനുശേഷം രണ്ടുദിവസത്തെ പരിശീലനവും കൊടുത്തുവരുന്നു. ഈ പരിശീലനത്തിൽ ഇന്റർവ്യു ചെയ്യുക, കാമറ വർക്കിന്റെ പ്രാഥമിക കാര്യമായ സ്ക്രിപ്റ്റ് തയ്യാറാക്കുക, ശബ്ദം ഡബ്ബ് ചെയ്യുക, പരിപാടി ഹോസ്റ്റു ചെയ്യുക തുടങ്ങി പല കാര്യങ്ങളും പഠിപ്പിക്കുന്നു. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള 22 പരിശീലക്ലാസ്സുകൾ സംഘടിപ്പിച്ചു. ഇതിനുശേഷം എം.ടി.എ ജർമൻ സ്റ്റുഡിയോയുടെ വിവിധ പ്രൊഡക്ഷനുകളുടെ ചില ക്ലിപ്പുകൾ സമർപിച്ചു. ഇതു കഴിഞ്ഞ് ഹുദൂർ നിർദേശങ്ങൾ നല്കുകയും ചെയ്തു.

### ജർമനി എം.ടി.എ പ്രവർത്തകർക്ക് ഹുദൂർ തിരുമനസ്സിന്റെ നിർദേശങ്ങൾ

ഹുദൂർ അയ്യദഹുല്ലാഹ് ബിസ്മില്ലാഹ് ഓതിയതിനുശേഷം പറഞ്ഞു:ജർമനി അമീർ സാഹിബ് തന്റെ പ്രസംഗത്തിൽ എം.ടി.എ ജർമനി, എം.ടി.എ ഇന്റർനാഷണലിന്റെ സഹോദരനോ കുട്ടിയോ ആണെന്ന് പറഞ്ഞു

ഹുദൂർ പറഞ്ഞു: ഒന്നാമതായി നമ്മൾ സഹോദരനോ കുട്ടിയോ അല്ല. നമ്മൾ യുവാക്കളാകുന്നു. അതുകൊണ്ടുതന്നെ കുറച്ചു പക്വമായ പെരുമാറ്റം സ്വീകരിക്കേണ്ടതാണെന്ന് കുട്ടികളും ചിന്തിക്കാറുണ്ട്. അതുപോലെ ഇപ്പോൾ നമ്മൾ പൂർണവളർച്ച എത്തിയിരിക്കുന്നു. അതുകൊണ്ട് നമ്മൾ സ്വതന്ത്രരാവേണ്ടതാണെന്ന് യുവാക്കളും ചിന്തിക്കുന്നു. അതിനാൽ എം.ടി.എ ജർമനിയോ ഏതെങ്കിലും രാജ്യത്തിലെ എം.ടി.എ ടീമോ എം.ടി.എ ഇന്റർനാഷണലിന്റെ ഒരു ശാഖയാണ്. അതുകൊണ്ടുതന്നെ കേന്ദ്രത്തിൽനിന്നു വരുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്. അതുപോലെതന്നെ എം.ടി.എയ്ക്കു നിശ്ചയിച്ചിട്ടുള്ള മാതൃകാരൂപമനുസരിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥരുമാണ്. ഹുദൂർ അയ്യദഹുല്ലാഹ് തുടർന്നു പറഞ്ഞു: പല സന്ദർഭങ്ങളിൽ

ശേഷം പേജ് 7 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin